بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian Malayalam

വാല്യം 7

ലക്കം 36

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2022 സെപ്റ്റംബർ 08/ഹി.ശം. 1401 തബൂക് 08 /ഹിജ്റ 1444 സഫർ 11

## അല്ലാഹുവിന്റെ വചനം

وَالَّذِیۡنَ عَمِلُوا السَّیِّاٰتِ ثُمَّ تَابُوۡا مِنۡۢ بَعۡدِہَا وَاٰمَنُوۡۤا ۫ اِنَّ رَبَّکَ مِنۡۢ بَعۡدِہَا لَغَفُوۡرٌ رَّحِیۡمٌ ○

(سُوۡرَۃُ الۡاَعۡرَافِ: ۱۵۴)

'എന്നാൽ, തിന്മ പ്രവർത്തിക്കുകയും അതിനുശേഷം പശ്ചാത്തപിക്കുകയും വിശ്വസിക്കുകയും ചെയ്തവരാരോ(അവർക്ക് ശിക്ഷ ഉണ്ടാകുകയില്ല). അതിനുശേഷം നിന്റെ നാഥൻ വളരെ പൊറുക്കുന്നവനും അത്യധികം കരുണ ചെയ്യുന്നവനുമാകുന്നു.'(7:154)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബിﷺയുടെ സാരോപദേശം:

### നബി[സ] ഒരു യാചകനേയും വെറും കൈയോടെ മടക്കിയിരുന്നില്ല.

(2093)ഹദ്റത്ത് സഹ്ൽ ബിൻ സഅ്ദ്[റ] നിവേദനം. ഒരിക്കൽ ഒരു സ്ത്രീ, നെയ്ത ഒരു തുണിയുമായി നബി[സ] തിരുമേനിയുടെ അടുത്തുവന്നു. എന്നിട്ടവൾ പറഞ്ഞു: ഇത് ഞാനെന്റെ കൈകൊണ്ട് നെയ്തതാണ്. അങ്ങയ്ക്ക് ധരിക്കാൻവേണ്ടിയാണ് ഞാനിതു കൊണ്ടുവന്നത്. നബി[സ]തിരുമേനിക്ക് അതിന് ആവശ്യമുള്ളതുകൊണ്ട് അതു സ്വീകരിച്ചു. പിന്നെ നബി[സ]തിരുമേനി അതു തുണിയായി ഉടു ത്തുകൊണ്ട് ഞങ്ങളുടെയടുക്കൽ വന്നു. അപ്പോൾ അത് ഒരാൾക്ക് നന്നായി തോന്നി. എത്ര നല്ല വസ്ത്രം! അതെനിക്കു തന്നാലും! എന്നയാൾ പറഞ്ഞു. അപ്പോൾ ആളുകൾ പറഞ്ഞു: നീ ചെയ്തത് ശരിയായില്ല. നബി[സ]തിരുമേനിക്ക് ആവശ്യമുള്ളതുകൊണ്ടാണല്ലോ അത് ധരിച്ചത്. എന്തെങ്കിലും ആവശ്യപ്പെട്ടാൽ നബി[സ]തിരുമേനി വെറുതെ മടക്കുകയില്ലെന്ന് നിനക്ക് അറിയുകയും ചെയ്യും. അദ്ദേഹം പറഞ്ഞു: അല്ലാഹു സത്യം! ധരിക്കാനല്ല, എന്റെ കഫൻ പുടവയായി ഉപയോഗിക്കാൻവേണ്ടിയാണ് ഞാനത് ചോദിച്ചത്. സഹ്ൽ[റ] പറയുന്നു: അവസാനം അതായിരുന്നു അദ്ദേഹത്തിന്റെ കഫൻ പുടവ. *(ബുഖാരി വാല്യം 4, കിതാബുൽ ബുയൂഅ് (പ്രസാധനം 2008 ഖാദിയാൻ)*

### ഈ ലക്കത്തിൽ

ജുമുഅ ഖുത്വ്ബ
05 ആഗസ്റ്റ് 2022
സമ്പൂർണ പരിഭാഷ

ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ... ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...

The Weekly BADR Qadian (Malayalam)

**വിശുദ്ധ ഖുർആൻ മനോഹരമായ നിലയിലും സ്വരമാധുര്യത്തോടുംകൂടി പാരായണം ചെയ്യുക എന്നതും ഒരു നല്ല കാര്യമാണ്. എന്നാൽ, വിശുദ്ധ ഖുർആൻ പാരായണത്തിന്റെ യഥാർഥ ഉദ്ദേശ്യം അതിന്റെ യാഥാർഥ്യങ്ങളിലും വിജ്ഞാനങ്ങളിലും അറിവു കിട്ടുകയും മനുഷ്യൻ ഒരു മാറ്റം തന്റെ ഉള്ളിലുണ്ടാക്കുകയും ചെയ്യുക എന്നതാണ്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ഉപദേശങ്ങൾ

വിശുദ്ധ ഖുർആനിന്റെ അടിസ്ഥാനപരമായ ഉദ്ദേശ്യവും മുഖ്യവിഷയവും ലോകർക്ക്തഖ്‌വായുടെ പാഠം നല്കുക എന്നതാണ്. അതുമുഖേന അവർ ഹിദായത്തിന്റെ താൽപര്യം കരസ്ഥമാക്കണം. ഈ ആയത്തിൽ ഹിദായത്തിന്റെ മൂന്നു നിലകൾ വിവരിച്ചിരിക്കുന്നു. **അല്ലദീന യുഅ്മിനൂന ബിൽഗയ്ബി വ യുഖീമൂനസ്സ്വലാത്ത വ മിമ്മാ റസ്ഖ്നാഹും യുൻഫിഖൂൻ**(2:4) ആളുകൾ വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നുണ്ട്. എന്നാൽ, തത്തകളെപോലെ ചിന്തിക്കാതെയും മനസ്സിലാക്കാതെയുമാണ് ഓതിപ്പോകുന്നത്. ഒരു പണ്ഡിറ്റ് തന്റെ പൗത്രിയെ തുരുതുരാ പഠിപ്പിച്ചുപോകുമായിരുന്നു. സ്വയവും ഒന്നും മനസ്സിലാക്കിയിരുന്നില്ല. കേൾക്കുന്നവർക്കും മനസ്സിലാകുമായിരുന്നില്ല. ഇപ്രകാരമാണ് വിശുദ്ധ ഖുർആനിന്റെ രീതിയും ഇന്നായിട്ടുള്ളത്. മൂന്നുനാലു ജുസു ഓതി, എന്താണ് ഓതിയതെന്ന് ഒട്ടും മനസ്സിലായതുമില്ല. ഏറ്റവും കൂടിയാൽ ഈണത്തിൽ ഓതി, *'ഖാഫും' 'അയ്നും'* ഉച്ചാരണശുദ്ധിയോടെ പൂർണമായ നിലയിൽ നിറവേറ്റി. വിശുദ്ധ ഖുർആൻ മനോഹരമായ നിലയിലും സ്വരമാധുര്യത്തോടുംകൂടി പാരായണം ചെയ്യുക എന്നതും ഒരു നല്ല കാര്യമാണ്. എന്നാൽ, വിശുദ്ധ ഖുർആൻ പാരായണത്തിന്റെ യഥാർഥ ഉദ്ദേശ്യം അതിന്റെ യാഥാർഥ്യങ്ങളിലും വിജ്ഞാനങ്ങളിലും അറിവു കിട്ടുകയും മനുഷ്യൻ ഒരു മാറ്റം തന്റെ ഉള്ളിലുണ്ടാക്കുകയും ചെയ്യുക എന്നതാണ്.*(മൽഫൂദാത്ത് വാല്യം 1, പേജ് 487, പ്രസാധനം ഖാദിയാൻ 2018)*

**ചിലയാളുകൾ ധരിക്കുന്നത് ഭൗതികതയിൽ പതിഞ്ഞ് അല്ലാഹുവിനോടു സ്നേഹബന്ധം പുലർത്താനെ കഴിയുകയില്ലെന്നാണ്.**
**ഇക്കാരണത്താലാണ് ഇസ്‌ലാം ലോകത്തെ ഉപേക്ഷിക്കാൻ പഠിപ്പിക്കാതിരുന്നത്.**
**പ്രത്യുത ഭൗതികജോലികളിൽ ഭാഗഭാക്കായിക്കൊണ്ട് അതിന്റെ പരിഷ്കരണം നടത്താൻ കല്പിച്ചു.**
**നമ്മകളെ ലോകത്തുനിന്ന് മാറ്റിനിറുത്തുകയാണെങ്കിൽ ലോകത്തിന്റെ പരിഷ്കരണം ഒരിക്കലും നടക്കുകയില്ലെന്നത് പ്രകടമാണ്.**

സൂറത്തുന്നഹ്‌ലിന്റെ 100-ാം വചനമായ, ***ഇന്നഹൂ ലയ്സ ലഹൂ സുൽത്വാനുൻ അല്ലദീന ആമനൂ വ അലാ റബ്ബിഹിം യത്തവക്കലൂൻ*** (വിശ്വസിക്കുകയും തങ്ങളുടെ നാഥങ്കൽ സർവവും അർപിക്കുകയും ചെയ്യുന്നവരുടെമേൽ അവന് അധികാരമൊന്നുമില്ലതന്നെ)എന്നതിന് നല്കിയ വ്യാഖ്യാനത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ] പറയുന്നു: ചിലയാളുകൾ ധരിക്കുന്നത് ഭൗതികതയിൽ പതിഞ്ഞ് അല്ലാഹുവിനോടു സ്നേഹബന്ധം പുലർത്താനെ കഴിയുകയില്ലെന്നാണ്. ഹദ്റത്ത് മസീഹ്[അ] പറഞ്ഞതായി ഇഞ്ചീലിൽ ഈ മൊഴി പറഞ്ഞിരിക്കുന്നു:

(1)"ധനവാൻ ദൈവരാജ്യത്തിൽ കടക്കുന്നതിനെക്കാൾ ഒട്ടകം സൂചിക്കുഴയൂടെ കടക്കുന്നത് എളുപ്പം എന്നും ഞാൻ നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു."(മത്തായി 19:24)

(2)"യേശു അവനെ കണ്ടിട്ട്: സമ്പത്തുള്ളവർ ദൈവരാജ്യത്തിൽ കടക്കുന്നത് എത്ര പ്രയാസം! ധനവാൻ ദൈവരാജ്യത്തിൽ കടക്കുന്നതിനെക്കാൾ ഒട്ടകം സൂചിക്കുഴയൂടെ കടക്കുന്നത് എളുപ്പം എന്നു പറഞ്ഞു."(18:24,25)

ഇങ്ങനെ വിചാരിക്കുന്നവരുടെ ഭാഗത്തുനിന്ന് ഈ ആക്ഷേപം ഉണ്ടാകാവുന്നതാണ്. അതായത് ലോകത്തെ സംബന്ധിച്ചുള്ള വിവരങ്ങൾ വായിക്കുന്നതുകൊണ്ട് ചിലയാളുകളുടെ വിശ്വാസത്തിൽ ബലഹീനതയുണ്ടാകാനുള്ള സാധ്യതയുള്ളപ്പോൾ മുസ്‌ലിമീങ്ങൾക്ക് ഭൗതികപരമായ വിജയങ്ങളേയും ഭരണത്തേയും സംബന്ധിച്ച് വിവരംതന്നെ നല്കിയതെന്തിനാണ്? അതിന്റെ മറുപടി ഇങ്ങനെ നല്കി, ശയ്ത്വാനിന്റെ പിടിത്തം ബലഹീനരുടെമേലാണുണ്ടാകുന്നത്. മുഅ്മിൻ അഥവാ സത്യവിശ്വാസി ഭൗതികതയിൽ പതിഞ്ഞാലും ദീനിന്റെ ഭാഗത്ത് അശ്രദ്ധനാകുകയില്ല. അതുകൊണ്ട് നാം ഇവിടെ കേവലം ബലഹീനരെ ജാഗ്രതപ്പെടുത്തുകയാണ്. ശക്തമായ വിശ്വാസം കൊള്ളുന്നവരും ഭൗതികലോകത്തിൽ പതിഞ്ഞ് മോക്ഷത്തിൽനിന്ന് പിന്തളപ്പെടുമെന്ന് നാം അംഗീകരിക്കുന്നില്ല. ഇതിനെ കുറിച്ച് ഇസ്‌ലാമിന്റെ അധ്യാപനം ഇതാണ്, ദസ്ത്ത് ദർകാർ ദിൽ ബായാർ കൈകൾ പണിയെടുക്കുകയാണെങ്കിലും മനസ്സ് പ്രിയതമനോടൊപ്പമാണ്. ഇതേ സ്ഥനമാണ് ഉന്നതമായ സ്ഥാനം. ഇക്കാരണത്താലാണ് ഇസ്‌ലാം ലോകത്തെ ഉപേക്ഷിക്കാൻ പഠിപ്പിക്കാതിരുന്നത്. പ്രത്യുത ഭൗതികജോലികളിൽ ഭാഗഭാക്കായിക്കൊണ്ട് അതിന്റെ പരിഷ്കരണം നടത്താൻ കല്പിച്ചു. നന്മകളെ ലോകത്തുനിന്ന് മാറ്റിനിറുത്തുകയാണെങ്കിൽ ലോകത്തിന്റെ പരിഷ്കരണം ഒരിക്കലും നടക്കുകയില്ലെന്നത് പ്രകടമാണ്. അത്തരം ആളുകളുടെ കൈയിൽ ലോകത്തിന്റെ കടിഞ്ഞാൺ വന്നാലും ലോകത്തിനുമേൽ നിയന്ത്രണം കരസ്ഥമാക്കിയാലും നീതിയും ന്യായവും തഖ്‌വായും നിലനിറുത്തുമ്പോഴാണ് ലോകത്തിന്റെ പരിഷ്കരണം സാധ്യമാകുക. മറ്റുള്ളവർക്കു വേണ്ടി നല്ല മാതൃക സ്ഥാപിതമാകാനിട

ശേഷം പേജ് 11 ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**ഈ ജൽസ ഭൗതികമായ മേളയല്ല. പ്രത്യുത അല്ലാഹുവിന്റേയും റസൂലിന്റേയും കാര്യങ്ങൾ കേൾക്കുന്നതിനും അവയനുസരിച്ച് തങ്ങളെ വാർത്തെടുക്കുന്നതിനുമാണ് ഇവിടെ സംഘടിക്കുന്നത്.**

**തങ്ങൾക്ക് സന്നദ്ധസേവകരെ ലഭിക്കാൻ ലോകം പരിശ്രമിക്കുന്നു. പക്ഷേ, അഹ്മദിയ്യ ജമാഅത്തിന്റെ ചരിത്രം അതിന് തികച്ചും വിരുദ്ധമാണ്. എത്രമാത്രം സന്നദ്ധസേവകർ വരുന്നുവെന്നാൽ അവരെ കൊണ്ടുനടക്കാൻ സംഘാടകർ ബുദ്ധിമുട്ടിപ്പോകുന്നു.**

**ജൽസയുടെ ഈ മൂന്നു ദിവസങ്ങളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ അതിഥികളെ അവർ എന്നെന്നും ഓർമിക്കുവിധം സേവനം ചെയ്യുക. തങ്ങൾ തങ്ങളുടെ ഓഫീസർമാരിൽനിന്നും അല്ലെങ്കിൽ ഏതെങ്കിലും അതിഥിയിൽനിന്നും ഈ സേവനത്തിന് ഒരു പ്രതിഫലവും ആഗ്രഹിക്കുകയില്ലെന്ന് മനസ്സിലുണ്ടാകണം.**

**2022 ബ്രിട്ടൺ ജൽസസാലാനയുടെ അവസരത്തിൽ ആതിഥേയർക്കും അതിഥികൾക്കും അവരവരുടെ കടമകൾ നിറവേറ്റാൻ സുവർണമായ ഉപദേശങ്ങൾ**

**ജൽസയുടെ ദിനങ്ങളിൽ പൊതുവെ ദുആകൾ ചെയ്യുന്നതോടൊപ്പം സ്വലാത്ത് ചൊല്ലാനും ആഹ്വാനം.**

**ഖുത്ബ ജുമുഅ 2022 ആഗസ്റ്റ് 05/1401 ളുഹൂർ 29,**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ ○ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ○
اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ الرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○
اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

2019-നു ശേഷം ജൽസസാലാന ബ്രിട്ടൻ വിപുലമായ രീതിയിൽ ഈ വർഷം സംഘടിപ്പിക്കപ്പെടുകയാണ്. കഴിഞ്ഞ വർഷവും ജൽസസാലാന നടന്നിരുന്നുവെങ്കിലും കുറച്ചാളുകൾ മാത്രമണ് പങ്കെടുത്തിരുന്നത്. ഈ വർഷത്തെ ബ്രിട്ടൻ ജൽസ ജമാഅത്തിന്റെ മാത്രമല്ല, വിദേശ രാജ്യങ്ങളിൽനിന്നുള്ള വളരെ കുറച്ചാളുകളും ഇതിൽ പങ്കെടുക്കുന്നുണ്ട്. ബ്രിട്ടനിലെ എല്ലാ ജമാഅത്തുകളിലെ അംഗങ്ങൾക്കും മൂന്ന് ദിവസവും പങ്കെടുക്കാനുള്ള അനുവാദമുണ്ട്. ഉണ്ടായിരിക്കുന്നതുമാണ്. ഇൻശാഅല്ലാഹ് നല്ല ഹാജറുണ്ടായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. നമുക്കറിയാവുന്നതുപോലെ കോവിഡ് മഹാമാരി കാരണം ജൽസസാലാന തുടർച്ചയായി നടത്തുന്നത് നമുക്ക് ഒഴിവാക്കേണ്ടി വന്നിരുന്നു. ജൽസയുടെ അനുഗ്രഹങ്ങളിൽനിന്ന് നമുക്ക് അനുഗ്രഹങ്ങൾ കരസ്ഥമാക്കാൻ കഴിഞ്ഞില്ല. ഒരു വർഷം പൂർണമായും നമുക്കതിന് കഴിഞ്ഞിട്ടില്ല. ഈ വർഷവും ഈ മഹാമാരിയുടെ കാഠിന്യം ഏറിയും കുറഞ്ഞും ഇരുന്നു. ഇപ്പോഴും ഇത് പൂർണമായും അവസാനിച്ചിട്ടില്ല. മറിച്ച് ചില സ്ഥലങ്ങളിൽ ഇവിടെയും ലോകത്തിന്റെ മറ്റു രാജ്യങ്ങളിലും കഴിഞ്ഞ ദിവസങ്ങളിൽ ഇത് കൂടിയിരുന്നു. എന്നാൽ, സർക്കാരിന്റെ ഭാഗത്തുനിന്ന് മുമ്പേയെന്നതുപോലെ ഒത്തുകൂടുന്നതിനുള്ള വിലക്ക് അത്ര കർശനമല്ല. ഇതിന്നർഥം നമ്മൾ എല്ലാ മുൻകരുതലുകളും അവസാനിപ്പിക്കണമെന്നല്ല. എല്ലാ തരത്തിലുള്ള മുൻകരുതലുകളും ജൽസയിൽ പങ്കെടുക്കുന്നവർ കൈക്കൊള്ളേണ്ടതാണ്.

മുൻകരുതലുകളിൽ ഒന്ന് എന്തെന്നാൽ, ഇതിൽ പങ്കെടുക്കുന്നവരും ഡ്യൂട്ടി ചെയ്യുന്നവരും ജൽസ ഗാഹിൽ ഇരിക്കുമ്പോഴും ഡ്യൂട്ടി സമയത്തും പുറത്തു നടക്കുമ്പോഴും മാസ്ക് ധരിക്കേണ്ടതാണ്. അതു പോലെ സംഘാടകർ ഈ വർഷം ഏർപ്പാടാക്കിയ മറ്റൊരു കാര്യമെന്തെന്നാൽ രാവിലെ വരുമ്പോഴും തിരികെ പോകുമ്പോഴും ഈ രോഗത്തിന് ഫലപ്രദമായ ഹോമിയോപതി മരുന്ന് നൽകുന്നു എന്നതാണ്. അല്ലാഹു ഇതിൽ ശിഫാ നൽകുമാറാകട്ടെ. ഔഷധങ്ങളിൽ രോഗശമനമുണ്ടാക്കുക എന്നത് അല്ലാഹുവിന്റെ പ്രവൃത്തിയാകുന്നു. എന്നാൽ, നമുക്ക് ഭൗതികമായും പരിശ്രമിക്കേണ്ടതുണ്ട്. ഇത് സംബന്ധമായി പങ്കെടുക്കുന്ന എല്ലാവരും സംഘാടകരുമായി സഹകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

ജൽസ സംബന്ധമായി ഉദ്യോഗസ്ഥരും വളണ്ടിയർമാരും തങ്ങളുടെ സമയം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികൾക്കുവേണ്ടി ത്യാഗം ചെയ്യുന്നു. പൊതുവിൽ ജൽസയുടെ ഒരാഴ്ച മുമ്പേ ചെയ്യുന്ന ഖുത്ബയിൽ ചില കാര്യങ്ങളിലേക്ക് അവരുടെ ശ്രദ്ധ ഞാൻ ക്ഷണിക്കാറുണ്ട്. കഴിഞ്ഞ ഖുത്ബയിൽ ഞാൻ അങ്ങനെ ചെയ്തിരുന്നില്ല. അതുകൊണ്ട് അതു സംബന്ധിച്ച് ഞാൻ ഇന്ന് ചില കാര്യങ്ങൾ പറയുന്നതാണ്. ചില കുട്ടികളും യുവാക്കളും പുതുതായി ഡ്യൂട്ടിയിൽ പങ്കാളികളാകുന്നുണ്ട്. അവരെയും ബോധവത്കരിക്കേണ്ടതുണ്ട്. കഴിഞ്ഞ മൂന്ന് വർഷങ്ങളായി ഇവിടെ ഒരുപാടാളുകൾ വന്നിട്ടുണ്ട്. അവർക്ക് ജൽസ ഡ്യൂട്ടികളെ കുറിച്ച് പരിചയമില്ല. ഒരു നീണ്ട കാലമായി അവിടെ ജൽസ നടക്കുന്നുമില്ല. അവരെ ഇക്കാര്യത്തിൽ ബോധവാന്മാരാക്കേണ്ടതുണ്ട്. അതായത് അവരെ ഇക്കാര്യത്തിലേക്ക് ബോധവത്കരിക്കുമ്പോൾ അവർക്ക് തങ്ങളുടെ ഉത്തരവാദിത്വങ്ങൾ ചെയ്യുന്നതിനെ കുറിച്ച് അറിവ് ലഭിക്കുന്നു അല്ലെങ്കിൽ ലഭിക്കുന്നതായിരിക്കും. അതുപോലെ പഴയ വളണ്ടിയർമാരെ സംബന്ധിച്ചിടത്തോളം അത് ഒരു ഓർമപെടുത്തലമാകുന്നതാണ്. ഏതായിരുന്നാലും സംക്ഷിപ്തമായി ഇത് സാംബന്ധിച്ച് കുറച്ച് കാര്യങ്ങൾ പറയാം. കൂടാതെ ഓർമപ്പെടുത്തൽ എന്ന നിലക്ക് വരുന്ന അതിഥികളോടും ചില കാര്യങ്ങൾ പറയുന്നതാണ്. നമ്മൾ ഇക്കാര്യങ്ങൾ പരിഗണിക്കുകയാണെങ്കിൽ ജൽസയുടെ യഥാർഥ ചുറ്റുപാടിൽനിന്ന് ഇൻശാ അല്ലാഹ് നമ്മൾ പ്രയോജനമുൾക്കൊള്ളുന്നവരായി മാറുന്നതാണ്.

ഈ ജൽസ ഒരു ഭൗതിക മേളയല്ല*(ശഹാദത്തുൽ ഖുർആൻ, റൂഹാനീ ഖസാഇൻ വാള്യം 6, പേജ് 395)* എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. പ്രത്യുത അല്ലാഹുവിന്റേയും റസൂലിന്റേയും കാര്യങ്ങൾ കേൾക്കാനും അതനുസരിച്ച് നമ്മളെ മാറ്റിയെടുക്കാനും വേണ്ടിയാണ് നമ്മൾ ഇവിടെ ഒത്തുകൂടിയിട്ടുള്ളത്. അല്ലാഹുവും റസൂലും പറഞ്ഞ കാര്യങ്ങൾ പ്രാവർത്തികമാക്കുകയാണെങ്കിൽ അല്ലാഹുവിനോടും അവന്റെ അടിയാറുകളോടുമുള്ള കടമകൾ നല്ല നിലയിൽ നിറവേറ്റുന്നവരായി നമ്മൾ മാറുന്നതാണ്. ഞാൻ പറഞ്ഞതുപോലെ ആദ്യം ഞാൻ വളണ്ടിയർമാരോടാണ് ചില കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുന്നത്. മാസ്കിനെ കുറിച്ചും മരുന്നുകളെ കുറിച്ചും ഞാൻ ആദ്യമേതന്നെ പറഞ്ഞിട്ടുണ്ട്. അത് പാലിക്കേണ്ടതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമ്മുടെ യുവാക്കൾക്കും കുട്ടികൾക്കും വയസ്സായവർക്കും സ്ത്രീകൾക്കും ജൽസയിൽ വരുന്ന ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളെ സേവിക്കാൻ തങ്ങളെ

സമർപ്പിക്കണമെന്നും നല്ല രീതിയിൽ സേവനങ്ങൾ ചെയ്യണമെന്നുമുള്ള കാര്യത്തിൽ ആവേശവും തിരിച്ചറിവുമുണ്ട്. അവർ അതായത് സേവനം ചെയ്യുന്നവർ ഏതുതരം ജോലിയുമായി ബന്ധപ്പെട്ടവരാണെങ്കിലും അതല്ലെങ്കിൽ ഏത് കുടുംബ ബന്ധമുള്ളവരാണെങ്കിലും ധനികരാണെങ്കിലും ദരിദ്രരാണെങ്കിലും എല്ലാവരും ഈ ഒരു വികാരത്തോടു കൂടിയാണ് ഇവിടെ വരുന്നത്. ജൽസയുടെ ജോലികൾ കേവലം ഈ മൂന്ന് ദിവസത്തെ ജൽസയിൽ മാത്രമല്ല ഉള്ളത്. മറിച്ച് ആഴ്ചകൾക്കു മുമ്പേ തുടങ്ങുന്നതാണ്. ഞാഅ തങ്ങളുടെ വാർത്തകളിലും ചെറിയ ചെറിയ ക്ലിപ്സ് രൂപത്തിൽ എങ്ങനെയാണ് ജോലികൾ നടക്കുന്നതെന്ന് കാണിച്ചുകൊണ്ടിരിക്കുന്നുണ്ട്. ചില ജോലികൾ തീർച്ചയായും പുറത്തുള്ള കമ്പനികളെ ക്കൊണ്ടും കരാറുകാരെ കൊണ്ടും ചെയ്യിക്കാറുണ്ട്. എന്നാൽ, ഇതു കൂടാതെയും ഒരുപാടു ജോലികളു ണ്ട്. അതിന് വ്യക്തികളുടെ പ്രയത്നങ്ങളും അനിവാര്യമാണ്. ഈ പ്രയത്നം വളണ്ടിയർമാരായിട്ടുള്ളവർ തങ്ങളുടെ സമയം ത്യാഗം ചെയ്തുകൊണ്ട് സേവനരൂപത്തിൽ നൽകുന്നു. ഞാൻ പറഞ്ഞു വന്നതു പോലെ എല്ലാ വിഭാഗമാളുകളും ഇതിൽ ഉൾപെടുന്നുണ്ട്.

ഭൗതിക ലോകം സന്നദ്ധ സേവനം ചെയ്യാൻ ആളുകളെ കിട്ടുന്നതിന് പരിശ്രമിക്കുന്നു. എന്നാൽ, അഹ്മദിയ്യ ജമാഅത്തിന്റെ ചരിത്രം ഇതിൽനിന്ന് തികച്ചും വ്യത്യസ്തമായ മാതൃകയാണ് സമർപ്പിക്കുന്നത്. ഇവിടെ എത്രത്തോളമാളുകൾ വരുന്നുവെന്നാൽ സംഘാടകർക്ക് അവരെ പരിരക്ഷിക്കാൻ പ്രയാസമനുഭവപ്പെടുന്നു.

ജൽസയുടെ സ്ഥിരം ഡ്യൂട്ടികൾക്ക് നേരത്തെ തന്നെ ചാർട്ട് തയ്യാറാക്കുന്നു. അതിന്റെ പ്രോഗ്രാം തയ്യാറാകുന്നു. ഓരോ വകുപ്പിലും അവരുടെ ആവശ്യത്തിനനുസരിച്ച് വളണ്ടിയർമാരെ സംഘടിപ്പാക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. അത് അങ്ങനെതന്നെ ആയിത്തീരുകയും ചെയ്യുന്നു. എന്നാൽ, ജൽസക്ക് മുമ്പേയുള്ള വഖാറെ അമൽ അതല്ലെങ്കിൽ അതിന് ശേഷമുള്ള വഖറെഅമൽ, അതിന് പലപ്പോഴും പ്രതീക്ഷിച്ചതിലും ഏറെയാളുകൾ വരാറുണ്ട്. കാരണം അതിന് പൊതുവായ ഒരു ആഹ്വാനമാണ് നടത്താറുള്ളത്. ഈ കഴിഞ്ഞ ഞായറാഴ്ചതന്നെ ഹദീഖത്തുൽ മഹ്ദിയിൽ എത്രത്തോളം വളണ്ടിയർമാർ വന്നുവെന്നാൽ അത് സംഘാടകരുടെ പ്രതീക്ഷക്കും അപ്പുറത്തായിരുന്നു. അതിനെ കുറിച്ച് എനിക്ക് അറിയാൻ കഴിഞ്ഞത് അവർക്കുള്ള ഭക്ഷണത്തിനും ശരിയായ സംവിധാനം ചെയ്യാൻ കഴിഞ്ഞില്ലെന്നാണ്. വാസ്തവത്തിൽ സംഘാടകർ ഇത്രയും ആളുകളുണ്ടെന്ന് കാണുമ്പോൾ അവർക്കുള്ള സംവിധാനം ചെയ്യേണ്ടതായിരുന്നു. ഇത് അതിഥി സത്കാര വിഭാഗത്തിന്റെ ജോലിയാണ്. ഈ വളണ്ടിയർമാർ ഭക്ഷണ സമയത്തൊന്നും അല്ലല്ലോ ഒരുമിച്ചു കൂടിയത്. രാവിലെ മുതൽ ജോലി ചെയ്യുന്നവരാണ്. അല്ലെങ്കിൽ അവിടെ ഉണ്ടായിരുന്നവരാണ്. ഞാൻ മനസ്സിലാക്കുന്നത് കഴിഞ്ഞ ഖുത്ബയുടെ അവസാനത്തിൽ ഞാൻ ജൽസയെ സംബന്ധിച്ച് ദുആ ചെയ്യുന്നതിന് പറഞ്ഞപ്പോൾ ജോലി ചെയ്യുന്നവർക്കും ദുആ ചെയ്യാൻ ആവശ്യപ്പെട്ടപ്പോൾ ഉടൻതന്നെ ഒരാവേശത്തോടുകൂടി ആളുകൾ തങ്ങളുടെ സേവനം സമർപ്പിക്കുകയാണുണ്ടായത്. ഏതായാലും സംഘാടകൾ പ്രത്യേകിച്ചും വാരാന്ത്യങ്ങളിൽ ഇക്കാര്യത്തിൽ പ്രത്യേകം സംവിധാനം ചെയ്യേണ്ടതാണ്. അതിഥി സത്കാര വിഭാഗം മേലിൽ ഈ കാര്യം ശ്രദ്ധിക്കേണ്ടതാണ്.

കൂടാതെ അതിഥിസത്ക്കാര വിഭാഗം ജൽസയുടെ ദിവസങ്ങളിൽ പൊതുവായി കൂടുതൽ അളവിൽ ഭക്ഷണം തയ്യാറാക്കണം. ഈ വർഷം ജൽസ നടക്കുന്നതിൽ കൃത്യമായ അനുമാനം ഇല്ലാത്തതുകൊണ്ട് അതായത് കുറച്ചാളുകൾ മുൻകരുതലെന്ന നിലക്ക്, രോഗത്തിന്റെ പശ്ചാത്തലത്തിൽ ജൽസക്ക് വരുകയോ വരാതിരിക്കുകയോ ചെയ്യാം. ചിലയാളുകൾ ഭയം നിമിത്തം വന്നാലുമില്ലെങ്കിലും ചിലയാളുകൾ നീണ്ട കാലത്തിനുശേഷം ജൽസ നടക്കുകയാണ് അതുകൊണ്ട് തീർച്ചയായും പങ്കെടുക്കണമെന്ന് കരുതുന്നവരുമുണ്ട്. പക്ഷേ, പൊതുവിൽ നമ്മുടെ സംവിധാനത്തിന് ചെലവഴിക്കേണ്ട പ്രശ്നം മുന്നിൽ വരുമ്പോൾ പ്രത്യേകിച്ചും ഭക്ഷണം കഴിക്കുന്നവർക്കുള്ള ആതിഥേയത്തിന്റെ കാര്യം വരുമ്പോൾ അതിനെതിരെയാണ് ചിന്തിക്കാറുള്ളത്. ധാരാളം ഭക്ഷണം ഉണ്ടാക്കുന്നതിനുപകരം ഭക്ഷണം കുറച്ചു ണ്ടാക്കാമെന്നും ജനങ്ങൾ കുറച്ചേ ഭക്ഷണം കഴിക്കൂ എന്നും കരുതുന്നു. എന്നാൽ, ഇത് തികച്ചും തെറ്റാണ്.

ആതിഥേയരുടെ ഉത്തരവാദിത്വം അതിഥികൾക്ക് നല്ലപോലെ ആതിഥേയത്വം നൽകുക എന്നാണ്. അതുപോലെ ഭക്ഷണത്തെ സംബന്ധിച്ചും ഇക്കാര്യത്തിൽ ഞാൻ നൽകുന്ന നിർദേശമെന്തെന്നാൽ ഇപ്പോൾ വേനൽക്കാലമാണ്. അതുകൊണ്ട് അതിഥി സത്ക്കാര വിഭാഗം ഇറച്ചി മുറിക്കുമ്പോൾ മാംസം അല്പാല്പം മുറിച്ചെടുത്ത് ഉടൻ തന്നെ അത് ചില്ലറിൽ(Chiller)പോകേണ്ടതാണ്. അല്ലാതെ പകൽ മുഴുവൻ പുറത്തുകിടന്ന് കേടുവരുകയും ജനങ്ങൾക്ക് രോഗമുണ്ടാകാൻ ഇടവരുകയും ചെയ്യരുത്. അതുപോലെ മറ്റു ഭക്ഷണങ്ങളെ സംബന്ധിച്ചും ഉറപ്പ് വരുത്തേണ്ടതാണ്. ഏതായാലും ആദ്യമെത്തിയ ആളുകളെ കുറിച്ചാണ് ഞാൻ പറയുന്നത്. അവർ സൗജന്യ സേവനം ചെയ്യാൻ വന്നവരാണ്. അവർ ഭക്ഷണം കിട്ടിയിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും നിശ്ശബ്ദരായി മടങ്ങി. പക്ഷേ, സംഘാടകരുടെ ഈ ന്യൂനത മുന്നിൽ വരികയുണ്ടായി.

ഉദ്യോഗസ്ഥന്മാരോടും ഞാൻ പറയാനാഗ്രഹിക്കുന്നു, ജൽസയുടെ ഈ മൂന്ന് ദിവസങ്ങളിലും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളെ സേവിക്കുമ്പോൾ അവർക്കുള്ളിൽ തങ്ങൾ ഓഫീസർമാരുടെ അല്ലെങ്കിൽ അതിഥികളുടെ എന്തെങ്കിലും പ്രോത്സാഹനം പ്രതീക്ഷിച്ചു കൊണ്ടല്ല ചെയ്യുന്നതെന്ന വികാരത്തിൽ സേവനം ചെയ്യുക. പ്രത്യുത അല്ലാഹുവിന്റെ തൃപ്തിക്കു വേണ്ടി മാത്രം സേവനം ചെയ്യേണ്ടതാണ്. ഇക്കാര്യത്തിൽ മക്കളെ പട്ടിണിയോടുകൂടി ഉറക്കുകയും സ്വയം പട്ടിണി കിടക്കുകയും ചെയ്തുകൊണ്ട് അതിഥിയെ സത്കരിക്കേണ്ട കടമ നിർവഹിച്ച സ്വഹാബിയുടെയും അദ്ദേഹത്തിന്റെ ഭാര്യയുടെയും മാതൃക അവലംബിക്കേണ്ടതാണ്. അതായത് അവർ വിളക്ക് അണച്ചുകൊണ്ട് അതിഥിക്ക് മുന്നിൽ ഭക്ഷണം കഴിക്കുന്നതുപോലെ പ്രകടിപ്പിക്കുയുണ്ടായി. പിന്നെ അല്ലാഹു അവരുടെ ഈ പ്രവർത്തിയെ എത്രമാത്രം ശ്ലാഘിച്ചുവെന്നാൽ നബി(സ) തിരുമേനിക്ക് അതെക്കുറിച്ച് അറിയിപ്പ് കൊടുത്തു. അടുത്ത ദിവസം നബി(സ)തിരുമേനി ആ സ്വഹാബിയോടു പറഞ്ഞു: നിങ്ങൾ രാത്രി ചെയ്ത പദ്ധതി അതായത് അതിഥിയെ ഊട്ടുന്നതിന് നടപ്പാക്കിയ പദ്ധതിയിൽ അല്ലാഹുവും ചിരിച്ചുപോയി. അല്ലാഹു അതിൽ ഒരുപാട് സന്തോഷിച്ചു, ചിരിക്കുകയും ചെയ്തു. വിശുദ്ധ ഖുർആനിലും ഇത്തരം ത്യാഗം ചെയ്യുന്നവരെ കുറിച്ച് അല്ലാഹു പറയുന്നുണ്ട്.

ഇങ്ങനെ ത്യാഗം ചെയ്യുന്നവരാണ് നിസ്വാർഥമായി സേവനം ചെയ്യുന്നവർ. അവർ തന്നെയാണ് വിജയം പ്രാപിക്കുന്നവരും! *(സ്വഹീഹുൽ ബുഖാരി, കിതാബു മനാഖിബുൽഅൻസ്വാർ, ഹദീഥ് 3798)* സ്വഹാബാക്കളുടെ അതിഥിസത്കാരത്തിന്റേയും അതിഥിസേവനത്തിന്റേയും രീതി ഇതായിരുന്നു.

അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി അതിഥികളെ സേവിക്കാൻ തങ്ങളെ അർപിക്കുന്നവർ എത്ര ഭാഗ്യവാന്മാരാണ്. അതിഥികളും, കാലത്തിന്റെ ഇമാമിന്റെ വിളി കേട്ട് വന്നവരാണ്. അല്ലാഹുവിന്റേയും അവന്റെ റസൂൽ(സ)ന്റേയും കാര്യങ്ങൾ കേൾക്കാൻ വന്നവരാണ്. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാൻ വന്നവരാണ്. ദീനിനുവേണ്ടി വന്നിട്ടുള്ള അതിഥികൾക്ക് അല്ലാഹുവിനെ സന്തോഷിപ്പിക്കാൻ വേണ്ടി സേവനം ചെയ്യുന്ന വളണ്ടിയർമാർ എത്ര ഭാഗ്യവാന്മാരാണ്.

ധാരാളമാളുകൾ വരുമ്പോൾ ജനങ്ങൾ പല പ്രകൃതക്കാരായിരിക്കും. ചിലർ പെട്ടെന്ന് ദേഷ്യം വരുന്നവരായിരിക്കാം. അവർ ഡ്യൂട്ടി ചെയ്യുന്നവരോട് വളരെ കാർക്കശ്യത്തോടെ പെരുമാറിയേക്കാം. അല്ലെങ്കിൽ വളരെ അധികാരത്തോടെ എന്തെങ്കിലും സാധനം ആവശ്യപ്പെട്ടേക്കാം. എന്നാൽ, വളണ്ടിയർമാർ അത് പുരുഷ വളണ്ടിയർമാരാണെങ്കിലും ലജ്ന വളണ്ടിയർമാരാണെങ്കിലും ആരോടും കോപിക്കരുത്. കോപത്തോടെ ആരെങ്കിലും എന്തെങ്കിലും പറഞ്ഞാൽ അവരോട് ദേഷ്യത്തിൽ മറുപടി പറയരുത്. മറിച്ച് പുഞ്ചിരിച്ചുകൊണ്ട് മറുപടി പറയേണ്ടതാണ്. അവരുടെ ആവശ്യം പൂർത്തിയാക്കാൻ കഴിയുമെങ്കിൽ തീർച്ചയായും പൂർത്തിയാക്കിക്കൊടുക്കുക. അങ്ങനെ കഴിയില്ലെങ്കിൽ അവരോട് സൗമ്യമായി സ്നേഹത്തോടെ ക്ഷമാപണം നടത്തുക. അല്ലെങ്കിൽ തന്റെ മേലുദ്യോഗസ്ഥനെ സമീപിക്കുകയും അതിഥിയുടെ പ്രശ്നം പരിഹരിക്കുകയും ചെയ്യുക. ചില സമയങ്ങളിൽ ഇക്കാര്യം വളരെ പ്രയാസമേറിയതായിരിക്കും. എന്നാൽ, അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാൻ ഇപ്രകാരം ചെയ്യേണ്ടതാണ്.

തങ്ങളുടെ വികാരങ്ങളെയും നാവുകളെയും നിയന്ത്രിക്കേണ്ടതാണ്. അതുപോലെ തന്നെ വളണ്ടിയർമാരും പരസ്പരം സൗമ്യമായ ഭാഷ ഉപയോഗിക്കേണ്ടതാണ്. മേലുദ്യോഗസ്ഥന്മാരും മേൽനോട്ടക്കാരും തങ്ങളുടെ വളണ്ടിയർമാരോട് സൗമ്യമായ ഭാഷയിൽ സംസാരിക്കേണ്ടതാണ്. ആരെങ്കിലും തെറ്റ് ചെയ്യുകയാണെങ്കിൽ അവർക്ക് സ്നേഹത്തോടെ മനസ്സിലാക്കികൊടുക്കേണ്ടതാണ്. ഈ വളണ്ടിയർമാർ അല്ലാഹുവിന്റെ തൃപ്തിക്ക് വേണ്ടിയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികൾക്ക് സേവനമനുഷ്ഠിക്കുന്നതെന്നും ഏതെങ്കിലും പ്രത്യേക വിഭാഗത്തിൽ പരിശീലനം ലഭിച്ചവർ അല്ലെങ്കിലും സേവനത്തിനുള്ള ആവേശത്തിൽ തങ്ങളെ സമർപ്പിക്കുകയാണെന്നും അതു കൊണ്ട് അവരെ ആദരിക്കേണ്ടതുണ്ടെന്നും മേലുദ്യോഗസ്ഥർ മനസ്സിലാക്കേണ്ടതാണ്. പരസ്പരം സഹായ സഹകരണത്തോടെ സേവനമനുഷ്ഠിക്കാനുള്ള തൗഫീഖ് അല്ലാഹു നൽകുമാറാകട്ടെ. നമ്മൾ ത്യാഗമനോഭാവത്തോടെയാണ് സേവനമനുഷ്ഠിക്കേണ്ടതെന്ന ചിന്ത ഉണ്ടാകുമ്പോഴാണ് ഈ ആവേശവുമുണ്ടാകുക. അതിഥി തെറ്റായ രീതിയിൽ പെരുമാറിയിട്ടും നബി(സ)തിരുമേനിയുടെ ത്യാഗത്തിന്റെ നിലവാരം എന്തായിരുന്നു എന്നതിനെ കുറിച്ച് ഒരു നിവേദനമുണ്ട്. ഒരു അമുസ്ലിം അഥിതി വരുകയും അയാൾക്ക് ഭക്ഷണം നൽകി സത്കരിക്കുകയും ചെയ്യുന്നു. ഉറങ്ങാൻ കിടക്കയും നൽകുന്നു. രാത്രി അധികം ഭക്ഷണം കഴിച്ച കാരണംകൊണ്ടോ അല്ലെങ്കിൽ എന്തെങ്കിലും കാരണത്താലോ വയറിന് അസുഖം വന്നതുകൊണ്ടോ അല്ലെങ്കിൽ മനപ്പൂർവം ബുദ്ധിമുട്ടിക്കണമെന്ന ഉദ്ദേശ്യത്തോടെയോ അയാൾ തന്റെ കിടക്ക വൃത്തികേടാക്കി അതിരാവിലെ തന്നെ സ്ഥലം വിട്ടു. നബി(സ) തിരുമേനി അതു കാര്യമാക്കിയില്ല. വെള്ളം വരുത്തിക്കുകയും സ്വയമേവ അത് കഴുകാൻ തുടങ്ങുകയും ചെയ്തു. അങ്ങ് ബുദ്ധിമുട്ടേണ്ടെന്നും തങ്ങൾ അത് വൃത്തിയാക്കിക്കൊള്ളാമെന്നും തങ്ങളെ അതിന് അനുവദിക്കണമെന്നുമെല്ലാം സ്വഹാബാക്കൾ പറഞ്ഞുവെങ്കിലും നബി(സ)തിരുമേനി ഇത് തന്റെ അതിഥിയായിരുന്നുവെന്നും അതിനാൽ താൻതന്നെ അതു വൃത്തിയാക്കിക്കൊള്ളാമെന്നും പറയുകയാണ് ചെയ്തത്! *(മൽഫൂദാത്ത് വാല്യം 5, പേജ് 295, 1984 പതിപ്പ്)(മഥ്നവി മൗലവി മഅ്നവി, ദഫ്തർ പഞ്ചം, പേജ് 20-25)*

നബി(സ)തിരുമേനി പറയുന്നു; ആരാണോ അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നത്, അതിഥികളെ ബഹുമാനിക്കുന്നതാണ്. *(സ്വഹീഹുൽ ബുഖാരി, കിതാബുൽ അദബ്, ബാബു മൻകാന യുഅ്മിനു ബില്ലാഹി, ഹദീഥ് 6018)*

ആയതിനാൽ നമ്മുടെ എല്ലാ സന്നദ്ധ സേവകരുടേയും ഉദ്യോഗസ്ഥരുടേയും ഉദ്യോഗസ്ഥകളുടേയും ഓഫീസർമാരുടേയും അല്ലെങ്കിൽ സഹായികളുടേയും എല്ലാവരുടേയും നിർബന്ധ കടമയെന്നാൽ അതിഥികൾ ദീനീ ലക്ഷ്യത്തോടുകൂടി വരുന്നവരാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളുമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിളിക്ക് ഉത്തരം നൽകിക്കൊണ്ട് അവരെ സേവിക്കാൻ നമ്മൾ ത്യാഗം ചെയ്തുകൊണ്ടും അവരെ സേവിക്കേണ്ടതാണ്. മികച്ച നിലവാരത്തിലുള്ള സ്വഭാവം എല്ലാ സമയത്തും നമ്മൾ പ്രകടിപ്പിക്കേണ്ടതാണ്. ഹൃദായാത്മനാ സന്തോഷപൂർവം മുഖത്ത് ഒരുവിധ അനിഷ്ടവും പ്രകടിപ്പിക്കാതെ സേവനം ചെയ്യേണ്ടതാണ്. ഈ ആവേശം അല്ലാഹുവിന്റെ അനുഗ്രഹഗത്താൽ നമ്മുടെ സന്നദ്ധസേവകർക്കുള്ളിലുണ്ട്. അധികമാളുകൾക്കുമുണ്ട്. ഞാൻ പ്രത്യാശിക്കുന്നത് എല്ലാ വളണ്ടിയർമാരും ഈ ഒരു വികാരത്തോടുകൂടി പ്രവർത്തിക്കുമെന്നാണ്. വിവിധ വകുപ്പുകളുടെ ഓഫിസർമാരായി നിയമിക്കപ്പെട്ടവർ എപ്പോഴും ഓർക്കേണ്ട കാര്യമെന്തെന്നാൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ സേവനത്തിനുള്ള തൗഫീഖ് ലഭിച്ചുകൊണ്ടിരിക്കുകയാണ്. ഓഫീസർമാർ എന്ന നിലക്കല്ല മറിച്ച് സേവകന്മാർ എന്ന നിലക്ക് തങ്ങളുടെ ഉത്തരവാദിത്തം നിറവേറ്റുക. തങ്ങളുടെ ഉന്നത സ്വാഭാവ മാതൃക നിലനിറുത്തുക. അങ്ങനെയായാൽ കീഴിലുള്ളവരും വളണ്ടിയർമാരും മികവുറ്റ സ്വഭാവം പ്രകടിപ്പിക്കുന്നതാണ്. അല്ലാഹു എല്ലാവർക്കും അതിന് തൗഫീഖ് നൽകുമാറാകട്ടെ.

ഹദ്റത്ത് മസീഹ് മൗഊദ്(അ)അതിഥികളോട് നല്ലനിലയിൽ പെരുമാറേണ്ടതിനെ കുറിച്ച് നിരവധി സന്ദർഭങ്ങളിൽ ഉപദേശിച്ചിട്ടുണ്ട്. ഒരിക്കൽ അദ്ദേഹം പറഞ്ഞു: 'നോക്കുക, ഒരുപാട് അതിഥികൾ വന്നിരിക്കുന്നു. അവരിൽ ചിലരെ നിങ്ങൾക്കറിയാം. ചിലരെ നിങ്ങൾ തിരിച്ചറിയുന്നുണ്ട്. ചിലരെ നിങ്ങൾക്കറിയില്ല. അതുകൊണ്ട് എല്ലാവരും ആദരണീയരാണെന്ന് കരുതി അവരെ സത്ക്കരിക്കുക. അതുകൊണ്ട് ഈ തത്ത്വം എപ്പോഴും ഓരോ വളണ്ടിയറും പ്രത്യേകിച്ച് ജനങ്ങളുമായി നേരിട്ട് ബന്ധപ്പെടുന്ന വളണ്ടിയർമാർ മുന്നിൽ വെക്കേണ്ടതാണ്. കൂടാതെ അതിഥിസത്ക്കാരം ഭക്ഷണം തുടങ്ങിയ വിഭാഗത്തിലുള്ളവർ ഇത് പ്രത്യേകമായും പാലിക്കേണ്ടതാണ്.

ഈ വർഷം കോവിഡുകാരണം ഒരുപാട് മുൻകരുതലുകളും ആവശ്യമായിട്ടുണ്ട്. അതുകൊണ്ട് അത്തരത്തിലുള്ള സംവിധാനവും ചെയ്യേണ്ടതാണ്. ഞാൻ മനസ്സിലാക്കുന്നത് ഈ വകുപ്പ് ഇത്തരം സംവിധാനങ്ങൾ ചെയ്യാൻ ശ്രമിക്കുന്നുണ്ടെന്നാണ്. അതായത് ഭക്ഷണ സമയത്ത് കൂടുതലാളുകൾ കൂടുതൽനേരം ഇരിക്കാൻ ഇടവരരുത്. ഭക്ഷണം കഴിച്ച് ഉടൻതന്നെ പന്തലിൽനിന്ന് പുറത്ത് പോകേണ്ടതാണ്. അതിഥികളും ഇക്കാര്യം ശ്രദ്ധിക്കുകയും സംഘാടകരോടു സഹകരിക്കുകയും വേണം. ഭക്ഷണം കഴിക്കുന്ന സമയത്ത് നിർബന്ധാവസ്ഥയാണ്. എന്നാൽ, പൊതുവായ സമയങ്ങളിലും മറ്റും ഞാൻ പറഞ്ഞതുപോലെ മാസ്ക് ധരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഭക്ഷണം കഴിക്കുന്ന സമയത്തും വളരെ കുറച്ചുമാത്രം സംസാരിക്കുകക. നിശബ്ദരായി ഭക്ഷണം കഴിക്കാൻ ശ്രമിക്കുക. എത്രയും വേഗം ഭക്ഷണം കഴിച്ച് പുറത്തേക്കിറങ്ങുക. നിങ്ങൾ സ്വയവും പ്രയാസത്തിൽ ആകരുത്, സംഘാടകരെയും പ്രായസത്തിൽ ആക്കരുത്.

വളണ്ടിയർമാരോട് ഞാൻ ചില അടിസ്ഥാന കാര്യങ്ങൾ പറയുകയും അവരെ അതിഥികളെ സേവിക്കുന്നതിലേക്ക് അവരുടെ ശ്രദ്ധ ക്ഷണിക്കുകയും ചെയ്തു.

ഇനി അതിഥികളും ചില കാര്യങ്ങൾ കേൾക്കേണ്ടതുണ്ട്. അതിഥികൾ ഈ കാര്യങ്ങൾ മനസ്സിലാക്കുകയും പാലിക്കുകയും വേണം. ഇസ്ലാമിന്റെ അധ്യാപനമെന്തെന്നാൽ അതിഥികൾ ആതിഥേയർക്ക് അസാധാരണമായ രീതിയിൽ ഭാരമാകരുത്. അങ്ങനെയാണെങ്കിൽ മാത്രമേ സ്നേഹത്തിന്റേയും സൗഹാർദത്തിന്റേയും അന്തരീക്ഷം നിലനിൽക്കുകയുള്ളൂ. അതിഥികൾ ആതിഥേയരിൽനിന്ന് തെറ്റായതും അതിരുകവിഞ്ഞതുമായ പ്രതീക്ഷകൾ വെച്ചുപുലർത്തുകയാണെങ്കിൽ പ്രശ്നങ്ങൾ ഉടലെടുക്കുന്നതാണ്. അതുകൊണ്ട് അതിഥികൾ അനാവശ്യമായ പ്രതീക്ഷകൾ വെച്ച് പുലർത്തരുത്. ഈ അവസ്ഥയാണെങ്കിൽ വീട്ടുകാർക്കും സൗകര്യമാകും. അതിഥികളുടെ ഉത്തരവാദിത്വമുള്ള ആളുകൾക്കും അതിഥികൾക്കും അത് സൗകര്യമായിരിക്കും. അതുകൊണ്ട് ഇക്കാര്യം എപ്പോഴും ഓർമയിൽ ഉണ്ടായിരിക്കേണ്ടതാണ്. ജമാഅത്തീ സംവിധാനത്തിന് കീഴിൽ താമസിക്കുന്നവർ, അവരുടെ സേവനത്തിനുവേണ്ടി തങ്ങളുടെ വ്യത്യസ്ത സ്ഥാനങ്ങൾക്ക് അതീതമായായി സേവനത്തിന് സമർപ്പിച്ചിട്ടുള്ള അഹ്മദീ സഹോദരീ സഹോദരന്മാരോട് നന്ദിയിലുള്ളവരായിരിക്കണം. ചിലപ്പോൾ ഭക്ഷണം അതിഥികളുടെ അഭിരുചിക്കനുസരിച്ച് ആയിരിക്കണമെന്നില്ല. വാസ്തവത്തിൽ ജമാഅത്തീ സംവിധാനം എല്ലാവർക്കുമറിയാവുന്നതാണ്. അതായത് ജൽസ ദിവസങ്ങളിൽ നമ്മുടെ ഇവിടെ ഉരുളക്കിഴങ്ങും ഇറച്ചിയും പരിപ്പുമാണ് തയ്യാറാക്കാറുള്ളത്. അതിഥികൾക്ക് തങ്ങളുടെ അഭിരുചിക്കനുസരിച്ച് ഭക്ഷണം കിട്ടിയില്ലെങ്കിലും കിട്ടിയ ഭക്ഷണം സന്തോഷത്തോടെ കഴിക്കേണ്ടതാണ്.

നബി(സ)തിരുമേനി പറയുന്നു: അതിഥികൾ ആതിഥേയർക്കു നൽകുന്ന ഭക്ഷണം സന്തോഷത്തോടെ കഴിക്കേണ്ടതാണ്. *(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാല്യം 5, പേജ് 204, ഹദീഥ് 15048, പ്രസാധകർ ആലമുൽകുതുബ് ബെയ്റുത്ത് 1998)*

കഴിഞ്ഞ വർഷങ്ങളിൽ ലങ്കർഖാനയിലെ ഭക്ഷണം കഴിച്ചില്ലെങ്കിൽ അല്ലെങ്കിൽ അതിന് തോന്നുന്നില്ലെങ്കിൽ ഇവിടെ ജൽസഗാഹിനു സമീപം താൽക്കാലികമായി ഉണ്ടാക്കുന്ന മാർക്കെറ്റിൽ പോയി എന്തെങ്കിലുമൊക്കെ കഴിക്കാമായിരുന്നു. ഈ തവണ അത്തരത്തിൽ മാർക്കെറ്റിനുള്ള സൗകര്യമില്ല. അതുകൊണ്ട് വ്യത്യസ്തമായ അഭിരുചിയുള്ള ഭക്ഷണം കഴിക്കുന്നവർ അല്ലാഹുവിന്റെ തൃപ്തി കാംക്ഷിച്ച് കിട്ടുന്ന ഭക്ഷണം കഴിക്കേണ്ടതാണ്. എങ്കിലും ഞാൻ അതിഥി സൽക്കാര വിഭാഗത്തോട് വീണ്ടും പറയുകയാണ്, നല്ല ഭക്ഷണം പാകം ചെയ്യാൻ പൂർണമായും ശ്രമിക്കേണ്ടതാണ്. ചിലയാളുകൾ മാത്രമാണ് ഇത്തരത്തിൽ അഭിരുചിയുള്ളവർ. പക്ഷേ, ആ ചിലയാളുകളും പലപ്പോഴും പ്രയാസത്തിനു

കാരണമാകാറുണ്ട്. ഉന്നത സ്വഭാവം പ്രകടിപ്പിക്കേണ്ടത് വളണ്ടിയർമാരുടെ മാത്രം കടമയല്ല മറിച്ച് പങ്കെടുക്കുന്ന എല്ലാവരുടെയും കടമയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ജൽസയിൽ പങ്കെടുക്കുന്നവരോട് പറയുന്നു: 'നല്ല സ്വഭാവം പ്രകടിപ്പിക്കുവിൻ. പരസ്പരം ശ്രദ്ധിക്കുക.' *(ശഹാദത്തുൽ ഖുർആൻ, റൂഹാനീ ഖസാഇൻ വാല്യം 6, പേജ് 394)*

പങ്കെടുക്കുന്നവർ എപ്പോഴും ശ്രദ്ധിക്കേണ്ടതെന്തെന്നാൽ ജൽസയിൽ പങ്കെടുക്കുന്ന ഓരോരുത്തരും തങ്ങളുടെ മതപരവും വിജ്ഞാനപരവും ആത്മീയപരവുമായ ദാഹം ശമിപ്പിക്കുകയാണ് ചെയ്യുന്നത്. ഇത് സ്വായത്തമാക്കാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ) നല്കിയിട്ടുള്ള ഉപദേശം മനസ്സിലാക്കേണ്ടതാണ്. അതായത് ഈ ജൽസ പൂർണമായും ദൈവിക ജൽസയാകുന്നു. അതുകൊണ്ട് ഒരിക്കലും ചെറിയ ചെറിയ കാര്യങ്ങളിൽ ഒരു തരത്തിലുള്ള അസ്വസ്ഥതയും പിണക്കവും പ്രകടിപ്പിക്കരുത്. വളണ്ടിയർമാരും മനുഷ്യരാണ്. അവരിൽനിന്ന് എന്തെങ്കിലും അരുതാത്തത് ഉണ്ടാകുകയാണെങ്കിൽ പോലും അത് അവഗണിക്കേണ്ടതാണ്. ഇത് സ്വന്തം സ്വഭാവം പ്രകടിപ്പിക്കുന്നതിനുള്ള ഒരു വലിയ മാർഗ്ഗമാകുന്നു. ചിലപ്പോൾ ആരുടെയെങ്കിലും ഭാഗത്തുനിന്ന് എന്തെങ്കിലും കാര്യം മറ്റുള്ളവർക്ക് ദേഷ്യമുണ്ടാക്കാൻ ഇടവരാറുണ്ട്. പരസ്പരം അതിഥികളുടെ ഭാഗത്തുനിന്നും വളണ്ടിയർമാരുടെ ഭാഗത്ത് നിന്നും ഇതുണ്ടാകാം. എന്നാൽ, ഉന്നതസ്വഭാവമെന്ന് പറയുന്നത് അത് അവഗണിച്ചുകൊണ്ട് അവിടെനിന്ന് മാറിപ്പോകുകയും വഴക്ക് വലുതാകാൻ ഇടവരുത്താതിരിക്കുകയും ചെയ്യുക എന്നതാണ്. യുവാക്കളിൽ ചില സമയത്ത് ഇത്തരത്തിലുള്ള അവസ്ഥ ഉണ്ടാകാറുണ്ട്. അതുകൊണ്ട് എപ്പോഴും ഒരു കാര്യം ഓർക്കുക, നാം ഇവിടെ ഒത്തുകൂടിയതിന്റെ ഉദ്ദേശ്യം വളരെ വലിയ ഉദ്ദേശ്യമാകുന്നു.

നമ്മുടെ ആത്മീയദാഹം ശമിപ്പിക്കുകയാണ് നമ്മുടെ ലക്ഷ്യം. നമ്മുടെ മതപരമായ അറിവ് വർധിപ്പിക്കുകയാണ് നമ്മുടെ ഉദ്ദേശ്യം. അല്ലാഹുവിനോടും അവന്റെ അടിയാറുകളോടുമുള്ള കടമകൾ നിറവേറ്റുന്നതിനുള്ള മാർഗ്ഗങ്ങളെ കുറിച്ച് പഠിക്കുകയാണ് നമ്മുടെ ലക്ഷ്യം. അതിന് ചുരുങ്ങിയത് നമ്മുടെ വികാരങ്ങളെ ത്യജിക്കേണ്ടതായി വരും. അല്ലാഹുവിനോടു ദുആ മുഖേന സഹായം അഭ്യർഥിക്കുക. ഈ വികാരം ഉയരുകയും നാവുകൾ ദൈവസ്മരണയിലേക്ക് തിരിയുകയും പശ്ചാത്താപത്തിലേക്കുംപാപപ്പൊറുതിയിലേക്കും ശ്രദ്ധ ഉണ്ടാകുകയുമാണെങ്കിൽ പിന്നെ ആരുടെയെങ്കിലും ഭാഗത്തുനിന്ന് എന്തെങ്കിലും പ്രയാസം അനുഭവിക്കേണ്ടി വന്നാൽപോലും പൊറുമയോടെ വർത്തിക്കാൻ കഴിയുന്നതാണ്. അതുകൊണ്ട് ഈ ദിവസങ്ങളിൽ എപ്പോഴും ഓർക്കേണ്ട ഒരു കാര്യമെന്താണെന്നാൽ ഇവിടെ നമ്മൾ അല്ലാഹുവിന് വേണ്ടിയാണ് നമ്മുടെ വീടുകൾ ഉപേക്ഷിച്ച് യാത്ര ചെയ്ത് വന്നിട്ടുള്ളത്. യാത്രയിലുള്ള ദുആയെ കുറിച്ച് പാഠം നൽകിക്കൊണ്ട് നബി(സ)തിരുമേനി പറയുന്നു: 'ഇങ്ങനെ ദുആ ചെയ്യുക. അല്ലാഹുവേ! ഞങ്ങൾ നിന്നോട് ഈ യാത്രയിൽ അനുഗ്രഹവും തഖ്‌വായും തേടുന്നു. അതിനാൽ നിനക്കിഷ്ടമുള്ള കർമങ്ങൾ ചെയ്യാൻ ഞങ്ങൾക്ക് നീ തൗഫീഖ് നൽകേണമേ. *(സ്വഹീഹ് മുസ്‌ലിം, കിതാബുൽഹജ്ജ്, ഹദീഥ് 3275)*

ചുരുക്കത്തിൽ നമ്മൾ ഇങ്ങനെ ദുആ ചെയ്തുകൊണ്ടിരിക്കുകയാണെങ്കിൽ അല്ലാഹു നമ്മുടെ ഇവിടുത്തെ താമസവും യാത്രയും അനുഗൃഹീതമാക്കുന്നതാണ്. ഈ ദിവസങ്ങൾ ദുആകൾ കൊണ്ടും ദൈവ സ്മരണകൾ കൊണ്ടും നിറക്കാൻ ശ്രമിക്കുവിൻ.

നബി(സ)തിരുമേനി നമുക്ക് എല്ലാ സന്ദർഭത്തിലേക്കുമുള്ള ദുആ പഠിപ്പിച്ച് തന്നിട്ടുണ്ട്. ചിലയാളുകൾ തങ്ങളുടെ വീടുകളുപേക്ഷിച്ചുകൊണ്ട് ജൽസയുടെ അനുഗ്രഹങ്ങളിൽ ഭാഗഭാക്കാകാൻ വന്നിട്ടുണ്ടെങ്കിലും അവർക്ക് തങ്ങളുടെ വീട്ടുകാരെ കുറിച്ചും ചിന്ത ഉണ്ടാകാറുണ്ട്. നബി(സ)തിരുമേനി പറയുന്നു: ഇങ്ങനെ ദുആ ചെയ്യുക. അല്ലാഹുവേ! ഞാൻ യാത്രയുടെ കാഠിന്യത്തിൽനിന്നും അനിഷ്ടകരവും അസ്വസ്ഥഭരിതവുമായ കാഴ്ചകളിൽനിന്നും സമ്പത്തിലും കുടുംബത്തിലും മോശമായ പരിണിതി ഉണ്ടാകുന്നതിൽനിന്നും അനിഷ്ടകരമായ മാറ്റങ്ങളുണ്ടാകുന്നതിൽനിന്നും നിന്നോട് അഭയം തേടുന്നു. *(സ്വഹീഹ് മുസ്‌ലിം, കിതാബുൽഹജ്ജ്, ഹദീഥ് 3275)*

ഇത് എല്ലാം അടങ്ങിയ ദുആയാകുന്നു. യാത്രയിൽ തങ്ങളെ എല്ലാ നിലയ്ക്കും സംരക്ഷിക്കുന്നതിനുള്ള ദുആയാകുന്നു. വീട്ടുകാരെയും അല്ലാഹുവിന്റെ സംരക്ഷണത്തിൽ ആക്കുന്നതിനുള്ള ദുആ ആകുന്നു. ഇത്തരം ചിന്തയും ദുആകളുമായി നാവുകളെ ആർദ്രമാക്കുകയാണെങ്കിൽ ഇവിടെ ചുറ്റി സഞ്ചരിക്കുന്ന സ്ത്രീ പുരുഷന്മാർ ഈ അന്തരീക്ഷത്തെ സമാധാനത്തിൽ ആക്കുന്നവരാകും. മനസ്സമാധാനത്തിന് കരണക്കാരുമാകും. അതോടൊപ്പം അല്ലാഹു എല്ലാതരം മോശമായ കാഴ്ചകളിൽ നിന്നു രക്ഷിക്കുകയും ചെയ്യും.

ഇപ്പോൾ കോവിഡ് കാരണം ഒരുപാട് ആശങ്കയുമുണ്ട്. ദുആകളിലേക്ക് കൂടുതലായി ശ്രദ്ധിക്കേണ്ടതുണ്ട്. പങ്കെടുക്കുന്ന എല്ലാവരെയും അല്ലാഹു സംരക്ഷിക്കുമാറാകട്ടെ. വീടുകളിൽ ഇരിക്കുന്നവരെയും കാക്കുമാറാകട്ടെ. പൊതുവായ ദുആകളോടൊപ്പം ഈ ദിവസങ്ങളിൽ സ്വലാത്ത് ചെല്ലുന്നതിലും പ്രത്യേകമായി ശ്രദ്ധിക്കുക.

ഇതുപോലെതന്നെ നമസ്കാര സമയങ്ങളിൽ നമസ്കാരത്തിന് വരുക. പുറത്ത് സംസാരങ്ങളിൽ സമയം നഷ്ടപ്പെടുത്തരുത്. അതുപോലെ നമസ്കാര സമയങ്ങളിൽ ഡ്യൂട്ടി ഇല്ലാത്ത വളണ്ടിയർമാർ ജമാഅത്തായി നമസ്കാരത്തിന് ശ്രമിക്കേണ്ടതാണ്. അതേപോലെ തന്നെ ജൽസയിൽ പങ്കെടുക്കുന്നവർ ജൽസയുടെ പ്രോഗ്രാമുകൾ, ജൽസ ഗാഹിൽതന്നെ ഇരുന്ന് പ്രസംഗങ്ങൾ ശ്രവിക്കാൻ ശ്രമിക്കേണ്ടതാണ്.

പ്രഭാഷകന്മാർ വളരെ ശ്രമകരമായാണ് പ്രസംഗങ്ങൾ തയ്യാറാക്കുന്നത്. അതിൽ വൈജ്ഞാനികവും ആത്മീയവുമായ പ്രയോജനങ്ങളുണ്ട്. അതുകൊണ്ട് ആരാണ് നന്നായി പ്രസംഗിക്കുന്നത്, ആരാണ് നല്ല പ്രസംഗികൻ എന്ന് നോക്കാതെ വിഷയത്തിലേക്ക് ശ്രദ്ധിക്കുക. അത് എത്രമാത്രം പ്രയോജനകരമാണെന്ന് നോക്കുക. പൊതുവിൽ ഈ കാലഘട്ടത്തിന് ആവശ്യമായ വിഷയങ്ങളിലാണ് പ്രസംഗങ്ങൾ വെക്കുന്നത്. ശ്രദ്ധാപൂർവം കേൾക്കുകയാണെങ്കിൽ മനസ്സുകളിൽ ഉയരുന്ന നിരവധി ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ അതിലൂടെ കിട്ടുന്നതാണ്. അതിനാൽ പ്രസംഗങ്ങൾ ശ്രദ്ധാപൂർവം ഇരുന്ന് കേൾക്കുക.

ഞാൻ പറഞ്ഞതുപോലെ ഇത്തവണ മാർക്കറ്റ് ഉണ്ടാക്കിയിട്ടില്ല. എന്നാൽ, ജൽസ പ്രോഗ്രാമുകളുടെ ഇടവേളകളിൽ ചെറിയ രീതിയിലാണെങ്കിൽപോലും വിവിധ പ്രദർശനങ്ങൾ ഒരുക്കിയിട്ടുണ്ട്. അത് കാണുകയും അതിൽനിന്ന് പ്രയോജനമെടുക്കുകയും ചെയ്യുക. അല്ലാഹു അവസ്ഥകൾ നന്നാക്കുകയാണെങ്കിൽ ഈ എക്സിബിഷനുകളും വലിയ തോതിൽ ആകുന്നതാണ്. മറ്റു സംവിധാനങ്ങളും അതേപോലെ പ്രവർത്തനക്ഷമമായി തുടങ്ങുന്നതാണ്. ഇത്തവണ വരണ്ട കാലാവസ്ഥയാണ്. അതും ശ്രദ്ധിക്കേണ്ടതാണ്. മഴ ഉണ്ടായിട്ടില്ല. അതുകൊണ്ട് കഴിഞ്ഞ വർഷത്തേതുപോലെ ഇൻശാ അല്ലാഹ് ഇത്തവണ കാർ പാർക്കിങ്ങിന് പ്രയാസ

ശേഷം പേജ് 12 ൽ

## • അല്ലാഹുവിന്റെ കലാം: •

**"തീർച്ചയായും ഖുർആനിനെ(മനസ്സിലാക്കാനും) ഓർമിക്കാനും നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ, ഓർമവെക്കുന്ന വല്ലവനുമുണ്ടോ?"**

*(വിശുദ്ധ ഖുർആൻ 54:18)*

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

## • അല്ലാഹുവിന്റെ കലാം: •

**"ഇബ്റാഹീം (പ്രാർഥിച്ചുകൊണ്ടു) പറഞ്ഞ സന്ദർഭം (സ്മരിക്കുക). എന്റെ നാഥാ! ഈ പട്ടണത്തെ സമാധാന പൂർണമാക്കേണമേ. എന്നേയും എന്റെ സന്തതികളേയും ഞങ്ങൾ വിഗ്രഹങ്ങളെ ആരാധിക്കുന്നതിൽനിന്ന് അകറ്റുകയും ചെയ്യേണമെ."**

*(വിശുദ്ധ ഖുർആൻ 14:36)*

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം, (സെപ്റ്റംബർ, ഒക്ടോബർ 2019)

വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര

(ബദ്ർ വാള്യം 7 ലക്കം 35, പേജ് 6, കോളം 3–ൽ നിന്ന്)

സംസ്ഥാന അസംബ്ളി അംഗമായ ലോക്കൽ അസംബ്ലി അംഗം സ്റ്റെഫാൻ വെബെർ(**Stefan Weber**) സാഹിബ് പറയുന്നു: ഈ പരിപാടി വളരെയധികം വിജയപ്രദമായിരുന്നു. എല്ലാവരോടും നിങ്ങൾ സ്നേഹാനുകമ്പയോടെ പെരുമാറുന്നു. ഖലീഫ സാഹിബിന്റെ പ്രഭാഷണം വളരെയധികം ശ്രേഷ്ഠമായിരുന്നു. മുമ്പേ ഇവിടെ നടന്ന പ്രസംഗങ്ങളുടെ സംക്ഷിപ്ത രൂപം അദ്ദേഹം ആദ്യം അവതരിപ്പിച്ചു. പിന്നീട് അതിനെ തന്റെ വിചാരങ്ങളുമായി ബന്ധിപ്പിച്ചു. ഇപ്രകാരം ഒരു ആകാംക്ഷ സൃഷ്ടിക്കപ്പെട്ടു. വളരെ ആഴത്തിൽ ആ പ്രഭാഷണം ഞാൻ ശ്രദ്ധിച്ചിരുന്നു.

സമീപ പട്ടണമായ നോർഡർ സ്റ്റഡ്റ്റി(**Norderstedt**)ന്റെ ലോർഡ് മേയർ എല്കെ ക്രിസ്റ്റിന റോഡർ(**Elke Christina Roder**) സാഹിബ പറയുന്നു: പ്രോഗ്രാമിന്റെ സംവിധാനങ്ങൾ വളരെയധികം നല്ലതായിരുന്നു. എപ്പോഴും ഏതെങ്കിലും ഒരാൾ ഒപ്പമുണ്ടാകുന്നു. എന്റെ ചോദ്യങ്ങൾക്ക് മറുപടികൾ നല്കുന്നു. ഖലീഫ വളരെയധികം ആകർഷണീയ വ്യക്തിത്വമാണെന്നാണ് എന്റെ അഭിപ്രായം. എനിക്ക് ഭക്ഷണ സമയത്ത് അദ്ദേഹത്തോട് സംസാരിക്കാൻ അവസരം ലഭിച്ചു. വളരെ നല്ല മനുഷ്യനാണ്. വിശിഷ്യാ അദ്ദേഹം ഇന്നു നമ്മളോടു പറഞ്ഞ കാര്യങ്ങൾ ധാരാളം പേരുടെ ഇസ്‌ലാമിനെ കുറിച്ചുള്ള വീക്ഷണങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടാകും. സമാധാനം സ്ഥാപിക്കുന്നതിനുവേണ്ടി നാമെല്ലാവരും സഹവർത്തിത്വത്തോടെ ശ്രമിക്കണമെന്ന അദ്ദേഹം ഊന്നിപ്പറഞ്ഞ വാക്കുകൾ സവിശേഷമാണ്. ഇക്കാര്യത്തിൽ ഞാനദ്ദേഹത്തിന് നന്ദി പറയാൻ ആഗ്രഹിക്കുന്നു. ഖലീഫയുടെ ഈ സന്ദേശം നോർഡർ സ്റ്റഡ്റ്റിലെ ഇതര പൗരന്മാർവരേയും ജമാഅത്തംഗങ്ങൾ എത്തിക്കേണ്ടതാണ്. ഇന്നത്തെ ദിനം എനിക്ക് വളരെയധികം പ്രയോജനപ്രദവുമാണ്. ഇതിൽ എനിക്ക് അദ്ദേഹത്തോടു കൃതജ്ഞതയുണ്ട്.

അൻജലിക്കാ റുബ്മാൻ(**Angelika Rubmnn**) സാഹിബയും അവരുടെ ഭർത്താവ് കാൽഹർ മാൻ (**Karlher mann**)സാഹിബ് പറയുന്നു: ഇന്നത്തെ ഖലീഫയുടെ സാന്നിദ്ധ്യം പൂർണമായ നിലയിൽ ആകർഷകമായിരുന്നു. ഒരു ശാന്തത അദ്ദേഹത്തിന്റെ വ്യക്തിത്വത്തിൽനിന്നും പ്രസരിക്കുന്നുണ്ടായിരുന്നു.

ഇതരരിലും ആ ശാന്തത പ്രസരിച്ചിരുന്നു. ഇപ്രകാരം മനുഷ്യന് ശാന്തി കൈവരുന്നു. ഖലീഫയെ നമ്മൾ നോക്കുകയാണെങ്കിൽ അദ്ദേഹം ഒരു കാന്തിക ഗുണമുള്ള വ്യക്തിത്വമാണെന്ന് അനുഭവ വേദ്യമാകും.

അൻജലിക്ക റുബ്മാൻ (**Angelika Rubmnn**) സാഹിബ പറയുന്നു: ദൈനംദിന ജീവിതത്തിൽ ഇതരരോടുള്ള നമ്മുടെ പെരുമാറ്റം എങ്ങനെയാണെന്ന് ആലോചിക്കണമെന്ന പാഠം ഈ പ്രഭാഷണത്തിൽ നിന്നു എനിക്ക് ലഭിച്ചു. മിത്രങ്ങളേയും ഇതരരേയും നമ്മൾ സഹായിക്കണം.

5 വർഷങ്ങൾക്കമുമ്പേ എന്റെ ഭർത്താവിന് ക്യാൻസർ രോഗം പിടിപെട്ടിരുന്നു. സുഖം പ്രാപിച്ചതിനു ശേഷം വീണ്ടും കഴിഞ്ഞ വർഷം അത് പിടിപെട്ടു. ഒരു അഹ്മദി മിത്രം ഇതു സംബന്ധിച്ച് ഖലീഫക്ക് എഴുതുംമെന്ന് ഞങ്ങളോട് പറഞ്ഞിരുന്നു. ഇക്കാര്യങ്ങൾക്കുശേഷം എന്റെ ഭർത്താവിനെ ചെക്കപ്പിന് വിധേയമാക്കിയപ്പോൾ ക്യാൻസറിന്റെ ഒരു ലക്ഷണവും ശേഷിച്ചിട്ടില്ലെന്ന് അറിഞ്ഞു. അഹ്മദി പറഞ്ഞതിനുശേഷം ഞാനും ഖലീഫക്ക് ഒരു കത്തെഴുതിയിരുന്നു. രണ്ടാഴ്ചക്കുശേഷം അതിന്റെ മറുപടിയും വന്നിരുന്നു. ഇത് സംബന്ധമായി ഞാൻ പറയുമ്പോഴെല്ലാം എന്റെ രോമങ്ങൾ എഴുന്നു നില്ക്കുന്നു. ഞങ്ങൾക്ക് മറുപടി കിട്ടിയപ്പോൾ ഞങ്ങളിരുവരും വളരെയധികം കരഞ്ഞു. ഞങ്ങളത്ര മതവിശ്വാസികളൊന്നുമല്ലായിരുന്നു. എന്നാൽ, ഇത്തരത്തിലുള്ള ഒരു സംഭവം ഞങ്ങളുടെ മേൽ തനതായ ഒരു സ്വാധീനം ഇടുകയുണ്ടായി. എന്നും ഈ കത്ത് ഞാൻ എന്നോടൊപ്പം സൂക്ഷിക്കുന്നു. കാരണം, എന്നെ സംബന്ധിച്ചിടത്തോളം ഈ കത്തിന് സുരക്ഷിതത്വം നല്കുന്ന മാലാഖയുടെ സ്ഥാനമാണുള്ളത്. ഇതിനുശേഷം ഞങ്ങൾ ഇരുവരിലും മാറ്റങ്ങളുണ്ടായി. ഇന്ന് ഖലീഫയെ രണ്ടാമതും കണ്ടപ്പോൾ ഞങ്ങളിരുവരുടേയും രോമങ്ങൾ എഴുന്നുനിന്നു.

ടോബിയാസ് വൺ ഡർ ഹെയ്ഡേ(**Tobias von der Heide**) സാഹിബ് പറയുന്നു: ഇന്നത്തെ പ്രോഗ്രാമിലും വളരെയധികം ആളുകളെ കാണാൻ അവസരം ലഭിച്ചു. ഏതു ഭാഗത്തു നോക്കിയാലും ജനങ്ങളുടെ മുഖങ്ങളിൽ നിന്നു സന്തോഷം നിർഗളിക്കുന്നുണ്ടായിരുന്നു. ഖലീഫയുടെ വ്യക്തിത്വം വളരെയധികം സ്വാധീനം ഉളവാക്കുന്നതാണ്. അദ്ദേഹത്തിന്റെ പ്രഭാഷണം മികച്ചതായിരുന്നു. സമാധാനം ആഗ്രഹിക്കുന്ന ഒരു ഇസ്‌ലാമാണ് ലോകത്ത് വ്യാപിക്കേണ്ടതെന്ന വശം അദ്ദേഹം ഊന്നി പറഞ്ഞിരുന്നു. എല്ലാ ജനങ്ങളിലും ഐക്യം സ്ഥാപിക്കാനും അകൽച്ചകൾ അകറ്റാനും ഖലീഫ ആഗ്രഹിക്കുന്നു. ചില കാര്യങ്ങൾ എന്നിൽ അഗാധമായ സ്വാധിനമുളവാക്കി.

മെലാനി വെല്ലെൻഡോർട്ട്(**Melanie Wellen dort**) സാഹിബ പറയുന്നു: ഈ പരിപാടിയിൽ എനിക്ക് വളരെയധികം വ്യക്തികളെ കാണാൻ അവസരം ലഭിച്ചു. എല്ലാവരും വളരെയധികം സ്നേഹം വെച്ചു പുലർത്തുന്നവരായിരുന്നു. എന്നാലിന്ന് എനിക്ക് ഏറ്റവും അധികം ക്രാന്തദൃക്കും ഹൃദയസ്പൃക്കുമായ വ്യക്തിയായി ഖലീഫയെയാണ് തോന്നിയത്. അദ്ദേഹം വളരെ നല്ല രീതിയിൽ ഇവിടെ മുമ്പേ നടന്ന പ്രസംഗങ്ങളെ തന്റെ പ്രഭാഷണത്തിന്റെ ഭാഗമാക്കി.

പ്രൊട്ടസ്റ്റന്റ് ചർച്ചിലെ പാതിരിയായ സൂസന്നെ ഹാൻ(**Susanne Hahn**)സാഹിബ പറയുന്നു: ഇവിടെ നടന്ന പരിപാടിയും ഒരുമിച്ചുകൂടിയ വ്യക്തികളേയും പോലെയുള്ള വിശാലമായ ഒന്ന് ഈ പട്ടണത്തിൽ ആദ്യമായാണ് നടക്കുന്നത്. അഹ്മദിയ്യാ ജമാഅത്തിന്റെ മസ്ജിദ് നിർമാണം പരിപൂർത്തിയിൽ എത്തിയതിൽ വളരെയധികം സന്തോഷമുണ്ട്. ഖലീഫ പ്രഭാഷണത്തിൽ ഞങ്ങളെല്ലാവരുടേയും പ്രസംഗ വിഷയങ്ങളും സൂചിപ്പിച്ചു. ഒപ്പം സ്വന്തം വീക്ഷണങ്ങളും സമർപ്പിച്ചു. അദ്ദേഹവും ഞങ്ങൾ ക്രൈസ്തവരും എല്ലാറ്റിന്റേയും ഉടമസ്ഥനായ ഒരേയൊരു ദൈവത്തെ കുറിച്ച് പറയുന്നു എന്നതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. ഇവിടെ ഇന്നുണ്ടായ ഖലീഫയുടെ വരവ് കേവലം അഹ്മദികൾക്ക് വേണ്ടി മാത്രമല്ല പ്രത്യുത, എല്ലാ അയൽവാസികൾക്കും സന്തോഷവും ആദരവും പകരുന്നതായിരുന്നു.

ആന്റ്ജെ(**Antje**) സാഹിബ പറയുന്നു: ഇന്നത്തെ ഈ പരിപാടി വളരെ ആകർഷണീയ(**impressive**)മായിരുന്നു. ഇത്രയധികം പേര് ഇവിടെ ഒരുമിച്ചു കൂടുന്നു. എല്ലാ പ്രവൃത്തികളും വ്യവസ്ഥാപിതമായ രീതിയിൽ നടത്തപ്പെടുന്നു. ഒരു ശാന്ത നിർഭരമായ അന്തരീക്ഷം സുസ്ഥാപിതമായിരിക്കുന്നു. വിവിധ വ്യക്തികൾക്ക് പ്രസംഗിക്കാനുള്ള അവസരം നല്കപ്പെട്ടു എന്നതും എനിക്ക് നല്ലതായി തോന്നിയ കാര്യമാണ്. അതായത് മത, രാഷ്ട്രീയ രംഗത്തെ സ്ത്രീ പുരുഷന്മാർ തങ്ങളുടെ വികാരവിചാരങ്ങൾ പങ്കുവെച്ചു. തുടർന്ന് നടന്ന ഖലീഫയുടെ പ്രഭാഷണവും വളരെ നല്ലതായിരുന്നു. സവിശേഷമായ നിലയിൽ ഐക്യം നിലനിറുത്തുന്ന കാര്യങ്ങളിലേക്ക് അദ്ദേഹം ശ്രദ്ധ ക്ഷണിച്ചു. എനിക്ക് ഖലീഫയെ ആദ്യമായി കാണാൻ അവസരം ലഭിച്ചത്.

ഒരതിഥി പറയുന്നു: ഇന്നത്തെ ഈ പരിപാടിക്കുവേണ്ടി ഖലീഫയെ തിരഞ്ഞെടുത്തത് വളരെ നല്ലതായി തോന്നി. കാരണം അദ്ദേഹം ഇസ്‌ലാമിനെ കുറിച്ചുള്ള നമ്മുടെ ധാരാളം ആശങ്കകൾ ദൂരീകരിച്ചു. സഹവർത്തിത്വത്തെ കുറിച്ച് അദ്ദേഹം വിവരിച്ചതു പോലെയുള്ള കാര്യങ്ങൾ എല്ലാ മതങ്ങൾക്കും വളരെ പ്രാധാന്യമുള്ള കാര്യമാണ്.

ഒരു അതിഥി ആസ്ട്രിഡ് ഹ്യൂംകെ(**Astrid Huemke**)ക്വിക്ക് ബോൺ (**Quickborn**)ന്റെ ഡപ്യൂട്ടി മേയർ പരയുന്നു:ഞാൻ മടങ്ങിപ്പോയി കാലത്തിന്റെ ഖലീഫയുടെ ഈ വാക്കുകൾ പ്രചരിപ്പിക്കും. ഇസ്‌ലാമിന്റെ മേൽ ആക്ഷേപം ആരെങ്കിലും ഉന്നയിച്ചാൽ ഖലീഫയുടെ വാക്കുകൾ ഉദ്ധരിച്ചു പ്രതിരോധിക്കാൻ ശ്രമിക്കും. നമ്മൾ അതിഥികളെ മാത്രമല്ല ഖലീഫ അഭിമുഖീകരിച്ചത്. മറിച്ച്, സ്വന്തം ജമാഅത്തിലെ വ്യക്തികളുടേയും ശ്രദ്ധ മസ്ജിദു നിർമാണത്തിനുശേഷം മുമ്പേയുള്ളതിനെക്കാൾ കൂടുതൽ മനുഷ്യകുലത്തിനോടുള്ള സേവനം നിർവഹിക്കാന് അദ്ദേഹം ക്ഷണിച്ചു.

ഒരു ഡെന്റിസ്റ്റ് ഡോക്ടർ പറയുന്നു: കാലത്തിന്റെ ഖലീഫയുടെ ഓരോ വാക്കിനോടും യോജിക്കുന്നു. കൃസ്തുമതത്തിലുള്ള ധാരാളം കാര്യങ്ങൾ ഖലീഫ തന്റെ പ്രഭാഷണത്തിൽ സൂചിപ്പിച്ചു. നമ്മുടെ നാട്ടിലുള്ള അസമാധാനത്തിന്റെ പരിഹാരം

കാലത്തിന്റെ ഖലീഫയുടെ പ്രഭാഷണത്തിലുണ്ട് എന്നത് എന്നെ വളരെ ആകർഷിച്ചു.

ഒരു വക്കീലായ വിറ്റേക്കെ(**Witecke**) സാഹിബ് പറയുന്നു: അഹ്മദിയ്യാ ജമാഅത്ത് ഇമാമിന്റെ സാന്നിധ്യം അന്തരീക്ഷത്തിൽ വിസ്മയജനകമായ സ്വാധീനം ചെലുത്തിയിരുന്നു. അദ്ദേഹത്തിന്റെ ആത്മീയ സ്വാധീനം കാരണത്താൽ അദ്ദേഹത്തിന്റെ പ്രഭാഷണത്തിന്റെ ഓരോ വാക്കും നേരിട്ട് ഹൃദയത്തിൽ സ്വാധീനം ചെലുത്തിയിരുന്നു. സ്ത്രീകളുടെ സ്ഥാനം അദ്ദേഹം തന്റെ പ്രഭാഷണത്തിൽ നല്ല രീതിയിൽ വിശദീകരിച്ചു. ഇതു മുഖേന ഇസ്ലാമിൽ സ്ത്രീയുടെ സ്ഥാനവും സമൂഹത്തിൽ സ്ത്രീയുടെ മഹത്ത്വവും ഇതിൽ നിന്നു വെളിപ്പെടുന്നുണ്ട്.

മേയർ ബാവർ(**Bauer**) സാഹിബ് പറയുന്നു: അഹ്മദിയ്യാ ജമാഅത്തിനെ പരിചയപ്പെട്ടതു മുതൽ ജമാഅത്തിന്റെ സൽസ്വഭാവവും രീതികളും എന്നിൽ സന്തോഷദായകമായ സ്വാധീനം ഇട്ടിരിക്കുന്നു. എന്നാലിപ്പോൾ നിങ്ങളുടെ ഖലീഫയെ കണ്ടപ്പോൾ നിങ്ങളുടെ ജമാഅത്തിന്റെ സൽസ്വഭാവത്തിന്റെ ഉറവിടം എവിടെ നിന്നാണെന്നും മനസ്സിലായി. ഈ സൽസ്വഭാവങ്ങളുടെ ഉറവിടത്തിനു പിന്നിൽ ഇത്തരത്തിലുള്ള നേതൃത്വത്തിൽനിന്നു നിങ്ങൾക്ക് സാമൂഹികമായി ലഭിക്കുന്ന ശിക്ഷണമാണ്. നിങ്ങൾ വളരെ ഭാഗ്യവാന്മാരാണെന്ന് ഞാൻ മനസ്സിലാക്കുന്നു. സ്വന്തം ജമാഅത്തിന്റെ സാമൂഹികവും സ്വഭാവപരവും ആത്മീയവുമായ ശിക്ഷണത്തെ കുറിച്ച് ചിന്തയുള്ള അന്തസും സ്നേഹ നിർഭരമായ ഭയവും നിലനിറുത്തിയിട്ടുള്ള ഇത്തരത്തിലുള്ള ഒരു നേതാവ് നിങ്ങൾക്കുണ്ട്. നിങ്ങളുടെ ഖലീഫയിൽ നിന്നു വിസ്മയം ജനിപ്പിക്കുന്ന തരത്തിലുള്ള ആത്മീയാവസ്ഥ തുളുമ്പുന്നു. അത് അനുഭവവേദ്യമാണ്. എന്നാൽ വാക്കുകളിൽ വിവരിക്കുക അസാധ്യമാണ്.

മേയർ ബ്രൈന്റ് ഡോവീംഗർ സാഹിബ് പറയുന്നു: നിങ്ങളുടെ ഖലീഫയുടെ പ്രഭാഷണം വളരെയധികം സ്വാധീനം വിതറുന്നതും അശ്രദ്ധയിൽനിന്ന് ഉണർത്തുന്നതുമാണ്. ഇതര പ്രസംഗകരുടേയും പ്രസംഗങ്ങൾ അദ്ദേഹം ഉദ്ധരിച്ചു എന്നത് ഓർക്കേണ്ട കാര്യമാണ്. ഇരു വിഭാഗത്തിന്റേയും സന്ദേശം എത്തിക്കുന്ന വ്യക്തിയാണ് അദ്ദേഹമെന്ന് ഇതിൽ നിന്നു വ്യക്തമാകുന്നു. ജനങ്ങൾ അദ്ദേഹത്തിന്റെ വാക്കുകൾ കേൾക്കാൻ വന്നിട്ടുണ്ടെങ്കിൽ ഖലീഫയും വന്നവരുടെ വാക്കുകൾ പൂർണ്ണ ശ്രദ്ധയോടെ കേൾക്കുന്നു എന്നും അതിന് പ്രാധാന്യം കൊടുക്കുന്നുവെന്നും ഇതിൽനിന്നും വ്യക്തമാകുന്നു. അദ്ദേഹം അതിഥികൾക്ക് എങ്ങനെ കർമരൂപേണ അന്തസ്സും ആദരവും നല്കുന്നുവെന്നും ഇതിൽനിന്ന് വ്യക്തമാകുന്നു. സാമൂഹിക ചർച്ചകൾക്ക് ഇത് ഒരു സുപ്രധാന ഭാഗമാണ്. അഹ്മദിയ്യാ ജമാഅത്ത് ഇതിനെ സംബന്ധിച്ചും സവിശേഷ വിചാരം വെച്ചു പുലർത്തുന്നു.

മീലാനി ലാഡോഗ് സാഹിബ പറയുന്നു: ഞാൻ ആത്മീയ വിഭാഗങ്ങളെ കുറിച്ച് ഗവേഷണം നടത്തി വരുന്നു. ആത്മീയതയിൽ അനുഭവം നേടാനുള്ള വിദ്യാഭ്യാസവും ഞാൻ കരസ്ഥമാക്കിയിട്ടുണ്ട്. ഇപ്പോൾ ഞാൻ ഒരു സ്കൂളിൽ വിദ്യാർഥികളെ ആത്മീയ ഭിഷഗ്വരന്മാരും ആക്കുന്നു. അഹ്മദിയ്യാ ജമാഅത്ത് ഇമാം എന്റെ മുന്നിലൂടെ കടന്നു പോയപ്പോൾ ഞാനൊരു വീഡിയോ ഉണ്ടാക്കി. എന്നാൽ, അദ്ദേഹത്തിന്റെ ദൃഷ്ടി എന്നിൽ പതിഞ്ഞപ്പോൾ എന്റെ ശരീരത്തിൽനിന്നു എല്ലാ ശക്തിയും ചോർന്നു പോയി. ഞാൻ തികച്ചും നിശ്ചലനായി. പിന്നീട് ഖലീഫ പ്രാർഥനയ്ക്ക് നേതൃത്വം നല്കിയപ്പോൾ എന്റെ കണ്ണുകളിലൂടെ അശ്രുക്കൾ വീഴാൻ തുടങ്ങി. എങ്കിലും ഞാൻ പൂർണ്ണ ശ്രമത്തിലൂടെ ക്ഷമ വീണ്ടെടുത്തു. ഖലീഫയുടെ സാന്നിധ്യത്തിലൂടെ അന്തരീക്ഷമാസകലം ഒരു സവിശേഷ സ്വാധീനം ഇടപെട്ടു. അത് ഭൗതികമോ ദ്രവ്യമോ ആയിരുന്നില്ല. തികച്ചും ആത്മീയാവസ്ഥ ആയിരുന്നു.

ജെഔഖം ടേക്ക് മായർ സാഹിബ് പറയുന്നു: നിങ്ങളുടെ ഖലീഫ ഉന്നത സ്വഭാവ ഗുണങ്ങൾ സ്വായത്തമാക്കുന്നതിനെ സംബന്ധിച്ച് സംസാരിച്ചു. അദ്ദേഹത്തിന്റെ സംഭാഷണ ശൈലി ആത്മാർഥത തുളുമ്പുന്നതും അനുകമ്പ നിറഞ്ഞതുമായിരുന്നു. നമ്മൾ ആരാണെന്നും ഏതു മതവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നും നോക്കാതെ ഈ സ്വഭാവപരവും മാനുഷികവുമായ മൂല്യങ്ങളുടെ മുന്നിൽ നാമെല്ലാവരും ഒന്നു തന്നെയാണെന്ന തോന്നൽ ഉളവാക്കി. അഹ്മദിയ്യാ ജമാഅത്ത് ഇമാം വളരെ വിശദമായി നന്മയുടേയും തിന്മയുടേയും വ്യത്യാസം വിവരിച്ചു. അയൽവാസികളുടെ അവകാശങ്ങളെ കുറിച്ച് ചിന്ത വേണമെന്നും ഒരു കുടുംബത്തെപോലെ താമസിക്കണമെന്നതിലേക്കും നമ്മുടെ ശ്രദ്ധയെ അദ്ദേഹം ക്ഷണിച്ചു. ഒരു തരത്തിലുമുള്ള നിർബന്ധത്തിന്റേയോ കാഠിന്യത്തിന്റേയോ ലക്ഷണം പോലും ഇല്ലാതെ ചലിക്കുന്ന സ്നേഹത്തിന്റെ ചിത്രംപോലെ ഖലീഫയുടെ അസ്തിത്വം മനസ്സിലാകുന്നു. നിങ്ങളുടെ സത്യതയുടെ തെളിവ് ശിക്ഷണം കരസ്ഥമാക്കിയ നിങ്ങളുടെ ജമാഅത്തംഗങ്ങളാണ്. അവരുമായി ദൈനംദിനം ബന്ധപ്പെടാറുണ്ട്.

മേയർ ജാൺ ലയ്സേ(**Janlise**) സാഹിബ് പറയുന്നു: നിങ്ങളുടെ ഖലീഫ സൂചിപ്പിച്ച കാര്യങ്ങൾ നമ്മുടെ അന്തരീക്ഷത്തിലും സമൂഹത്തിലും വ്യാപിക്കേണ്ടതുണ്ട്. ഓരോ മതത്തിന്റേയും അടിസ്ഥാനം സമാധാനത്തിൽ അധിഷ്ഠിതമാണ്. തന്റെ വ്യക്തിത്വം മുഖേനയും നിങ്ങളുടെ ഖലീഫ ഒരു ശാന്തപൂരിതമായ വ്യക്തിത്വമാണെന്ന് മനസ്സിലാകുന്നു. അദ്ദേഹത്തിൽ നിന്ന് വിനയം വെളിപ്പെടുന്നു. ഖലീഫ ഒരു സത്യവാനായ മനുഷ്യനാണ്. എന്റെ മേൽ അദ്ദേഹത്തിന്റെ സത്യതയുടെ അഗാധമായ സ്വാധീനം പതിഞ്ഞിരിക്കുന്നു.

ഫ്രെഡറിച്ച് ഗുന്തർ(**Friedrich Gunther**) സാഹിബ് പറയുന്നു: ഒരു തുറന്ന മനസ്സും ഹൃദയവുമുള്ള മൂല്യവത്തായ പ്രകൃതിയുള്ള മനുഷ്യനാണ് ഖലീഫ. അദ്ദേഹത്തിന്റെ വ്യക്തിത്വത്തിൽ ഒരു ആത്മീയ സ്വാധീനവും ആകർഷണവുമുണ്ട്. അദ്ദേഹത്തിന്റെ കാര്യങ്ങൾക്ക് അദ്ദേഹത്തിന്റെ വ്യക്തിപരമായ വിശുദ്ധിയിലൂടെ ശക്തി കൈവരുന്നു. ഞാനെന്റെമേൽ ഒരേപോലെ അദ്ദേഹത്തിന്റെ പ്രഭാഷണവും വ്യക്തിത്വവും സ്വാധീനം ചെലുത്തുന്നതായി മനസ്സിലാക്കുന്നു.

എല്കെ ശ്രീബർ(**Elke Schrieber**) പറയുന്നു: ഖലീഫയുടെ സാന്നിദ്ധ്യം എന്റെ മേൽ എത്രമാത്രം സ്വാധീനമുണ്ടാക്കിയെന്നാൽ അനിയന്ത്രിതമായി എന്റെ ഹൃദയം അഹ്മദിയ്യാ ജമാഅത്ത് ഇമാമിനോട് സംസാരിക്കണമെന്ന് ആഗ്രഹിച്ചു. എന്നാൽ എനിക്ക് ധൈര്യംമുണ്ടായിരുന്നില്ല. എന്റെ മേശയിൽ ഇരുന്നിരുന്ന ആതിഥേയൻ എന്നെ സഹായിച്ചു. എന്നെ സ്റ്റേജിലേക്ക് കൂട്ടിക്കൊണ്ട് പോയി. ഞാൻ ഖലീഫയുടെ അടുത്തെത്തിയപ്പോൾ എന്റെ കാലുകൾ വിറക്കുന്നുണ്ടായിരുന്നു. എന്നാൽ അദ്ദേഹം എനിക്ക് ധൈര്യം നല്കി. എന്റെ കാര്യങ്ങൾ ശ്രദ്ധയോടെ കേട്ടു. ഞാന് അദ്ദേഹത്തോട് പറഞ്ഞു: 'ഞാൻ വൃദ്ധയാണ്. ജീവിതത്തിൽ രണ്ടാമത് ഒരു പ്രാവശ്യം അങ്ങയെ കാണാൻ സാധിക്കുമോ എന്ന് അറിയില്ല. അതുകൊണ്ടാണ് സ്റ്റേജിൽ കാണാൻ വന്നത്. അദ്ദേഹം നല്കിയ ഹൃദയംഗമമായ സ്നേഹം എനിക്ക് എന്നും ഓർമയിൽ നിലനില്ക്കും.

മുഗ്ഗൻബർഗ്(**Muggenburg**) സാഹിബ പറയുന്നു: ഖലീഫ വളരെയധികം സഹൃദയനായൊരു വ്യക്തിയാണ്. ജനങ്ങൾക്ക് ഖലീഫയോടുള്ള സ്നേഹം വ്യക്തമായി മനസ്സിലാകുന്നുണ്ട്. ബാക്കി പ്രസംഗകരുടെ വാക്കുകൾ കാലത്തിന്റെ ഖലീഫ വളരെ ശ്രദ്ധയോടെ കേൾക്കുന്നതും കുറിപ്പുകൾ തയ്യാറാക്കുന്നതും എനിക്ക് വളരെ നന്നായി തോന്നി. ഇക്കാലഘട്ടത്തിൽ ഓരോരുത്തരും അവരുടെ കാര്യങ്ങൾ അവതരിപ്പിക്കാൻ മാത്രമാണ് ഇഷ്ടപ്പെടാറുള്ളത്. ഇതരരുടെ വാക്കുകൾ ശ്രദ്ധയോടെ കേൾക്കുന്ന ശീലമില്ല. ഇതരരുടെ കാര്യങ്ങൾ ശ്രദ്ധയോടെ കേൾക്കാത്ത സ്വാർഥത നിലനില്ക്കുന്നു. എന്നാൽ, ഖലീഫ ഇരുഭാഗത്തും ആദരവിന്റേയും മര്യാദയുടേയും കർമപരമായ മാതൃകയാണ് വെളിപ്പെടുത്തിയത്. അതുകൊണ്ട് മതപരമായ സംവാദത്തിൽ ഖലീഫയെ നമുക്ക് മാതൃകയായി മനസ്സിലാക്കാവുന്നതാണ്.

ഒലിവർ(**Oliver**) സാഹിബ് ചോദിച്ചു: ഹുദൂർ ഈ മസ്ജിദ് ഉദ്ഘാടനത്തിനുവേണ്ടി മാത്രം വന്നതാണോ? ഹുദൂർ മറ്റു മസ്ജിദുകളും ഉദ്ഘാടനം ചെയ്തിട്ടുണ്ടെന്ന് പറയപ്പെട്ടു. ഹുസദൂർ ഓരോ അഹ്മദിയുമായും കത്തുകൾ മുഖേന വ്യക്തിബന്ധം വെക്കാൻ ശ്രമിക്കുന്നുണ്ടെന്നും പറഞ്ഞപ്പോൾ വളരെ വിസ്മയിച്ചുകൊണ്ട് അവർ ചോദിച്ചു: ഹുദൂർ! ഈ എല്ലാ പ്രവൃത്തികളും എങ്ങനെയാണ് ചെയ്യുന്നത്?

ഹുദൂർ അൻവർ ഫുല്ഡായിൽ (**Fulda**) വെച്ച് ഒരു ക്രിസ്തീയ സംഘത്തിന് മസ്ജിദിൽ ആരാധന നിർവഹിക്കാൻ അനുവാദം നല്കിയ നബി വചനം ഉദ്ധരിച്ചത് കേട്ടപ്പോൾ തനിക്കും മസ്ജിദിൽ വന്ന് ആരാധിക്കണമെന്ന ആഗ്രഹം അവർ പ്രകടിപ്പിച്ചിരുന്നു.

ഒരു പ്രാദേശിക പട്ടണവാസിയായ അൽറിഷ് ലെൻസ് (**Ulrich Lenz**) പറയുന്നു: 30 വർഷമായി ജമാഅത്തിനെ എനിക്കറിയാം. ജമാഅത്തിനെ കുറിച്ച് ഇതുവരെയുള്ള എല്ലാ കാര്യവും നല്ലതായിട്ടാണ് തോന്നിയിട്ടുള്ളത്. അഹ്മദിയ്യാ ജമാഅത്ത് ഇമാം വളരെ മഹനീയനും ജനഹൃദയങ്ങളിൽ സ്വാധീനം സൃഷ്ടിക്കുന്ന വ്യക്തിയുമാണ്. എന്നാൽ, അദ്ദേഹത്തോടുള്ള ആദരയുക്തമായ ഭയവും അന്തസ്സും ഒരു

അടക്കവും സ്നേഹവും ഒപ്പം ഉൾക്കൊള്ളുന്നതാണ്. അദ്ദേഹത്തിന്റെ സാന്നിധ്യം ശാന്തിയും സ്നേഹവും വിതറുന്നതാണ്. എല്ലാ മതത്തിന്റേയും ലക്ഷ്യവും എല്ലാവർക്കും സമാധാനം എന്നതാണ്.

ഒരു മുൻ പാർലമെന്റംഗം കാനൽ(**Canel**) സാഹിബ പറയുന്നു: അഹ്മദിയ്യാ ജമാഅത്ത് ഇമാമിന്റെ പ്രഭാഷണം ആനന്ദദായകമായിരുന്നു. സാമൂഹിക ഐക്യത്തിന് അദ്ദേഹം നല്കിയ വ്യാഖ്യാനം സമൂലവും യാഥാർഥ്യങ്ങളിലധിഷ്ഠിതവും തികച്ചും ശരിയുമാണ്.

സ്റ്റീഫൻ ലെഹ്സ് ഫെൽഡ്(**Stefan Lehsfeld**) പറയുന്നു: അഹ്മദിയ്യാ ജമാഅത്ത് ഇമാം ശ്രദ്ധയോടെ കാര്യങ്ങൾ ശ്രവിക്കുന്നവ്യക്തിയും സംസ്കാര സമ്പന്നനുമാണ്. അദ്ദേഹത്തിന്റെ പ്രഭാഷണം മികച്ചതും നിലവിലുള്ള അന്തർദേശീയ അവസ്ഥകളെ കുറിച്ച് അഗാധവും യാഥാർഥ്യത്തിൽ അധിഷ്ഠിതവുമായ വീക്ഷണമുള്ള വ്യക്തിയാണെന്നും കാണിക്കുന്നതാണ്.

ഫെലിക്സ് കുക്ക്(**Felix Kuck**) സാഹിബ് പറയുന്നു: അഹ്മദിയ്യാ ജമാഅത്ത് ഇമാം വളരെ വിദ്യസമ്പന്നനായ വ്യക്തിയാണ്. അന്തർദേശീയ വീക്ഷണം വിവിധ വിഷയങ്ങളിൽ അഗാധമായി വെച്ചുപുലർത്തുന്ന സമാദരണീയനായ മനുഷ്യനാണെന്ന് കാണുമ്പോൾത്തന്നെ തോന്നുന്നു. മതങ്ങൾക്കിടയിൽ വഴികൾ തുറക്കുന്ന അദ്ദേഹം പരസ്പരമുള്ള ആശങ്കകൾ ദൂരീകരിക്കാൻവേണ്ടി യഥാർഥമായ താല്പര്യമെടുക്കുന്നു. വിവിധ സമൂഹങ്ങൾക്കും മതങ്ങൾക്കുമിടയിൽ സംഭാഷണത്തിനു വേണ്ടി ക്രിയാത്മകമായ അന്തരീക്ഷം സൃഷ്ടിക്കാനും സ്ഥാപിക്കാനും ശ്രമിക്കുന്ന പ്രവൃത്തിയിൽ അദ്ദേഹം മുഴുകുന്നതായി കാണുന്നു.

വൂൾഫ്ഗാംഗ് മെർക്മാൻ(**Wolfgang Merkmann**) സാഹിബ് പറയുന്നു: ലോകത്തെ ഒരു ശക്തിക്കും ഇസ്‌ലാമിന്റെ സമാധാന സന്ദേശം വ്യാപിക്കുന്നതിൽനിന്നു തടയാൻ സാധ്യമല്ലെന്ന് ഹുദൂറിന്റെ സാന്നിധ്യം മുഖേന അനുഭവവേദ്യമാകുന്നു. അദ്ദേഹം ശക്തനും ഉറച്ച വ്യക്തിത്വവുമാണ്. അദ്ദേഹം എടുക്കുന്ന തെളിവുകളുടെ അടിസ്ഥാനം മനുഷ്യ കുലത്തിനുവേണ്ടി സത്യസന്ധമായ അനുകമ്പയും മാനുഷിക മൂല്യങ്ങൾ സ്ഥാപിക്കാൻവേണ്ടി നിർലോഭം നടത്തുന്ന ശ്രമങ്ങളിലുമാണ്. ഇത്തരത്തിലുള്ള ശക്തിമാനും പരിശുദ്ധനും ആത്മാർഥനുമായ മനുഷ്യന്റെ ശ്രമങ്ങളെ തടയാൻ ആർക്കാണ് സാധിക്കുക? (അവലംബം: ബദ്ർ ഉർദു പത്രം, 16- 23 ഏപ്രിൽ 2020)

**2019 ഒക്ടോബർ 27 ഞായറാഴ്ച**

ഹുദൂർ അയ്യദഹുല്ലാഹ് രാവിലെ 6.15 ന് ഓസ്നാബ്രോക്കിലെ മസ്ജിദ് ബിശാറത്തിൽ വന്ന് സ്വുബ്ഹി നമസ്കരിപ്പിച്ചു. തങ്ങളുടെ പ്രിയങ്കരനായ ഇമാമിന്റെ പിന്നിൽ നമസ്കരിക്കുന്നതിന് ജമാഅത്തംഗങ്ങളുടെ വലിയൊരു സംഘം രാവിലെ നാലു മണിമുതൽ മസ്ജിദിലെത്തിത്തുടങ്ങിയിരുന്നു. നാലരമണിയോടെ മസ്ജിദും പുറത്തിട്ടിരുന്ന പന്തലും പുരുഷന്മാരേയും സ്ത്രീകളേയുംകൊണ്ട് നിറഞ്ഞു കഴിഞ്ഞിരുന്നു. ഇവരെല്ലാവരും ഹുദൂറിന്റെ നേതൃത്വത്തിൽ സ്വുബ്ഹി നമസ്കരിച്ചു.

നമസ്കാരത്തിനുശേഷം ഹുദൂർ അയ്യദഹുല്ലാഹ് താമസസ്ഥലത്ത് പോയി. ഇന്നു പരിപാടി അനുസരിച്ച് ഇവിടെനിന്ന് ബ്രസിൽസിലൂടെ(ബെൽജിയം) ഇസ്‌ലാമാബാദ് യു.കെ യിലേക്ക് പുറപ്പടണമായിരുന്നു.

ഹുദൂറിനെ യാത്രയയക്കാൻ ജമാഅത്തിലെ പുരുഷന്മാരും സ്ത്രീകളും കുട്ടികളും രാവിലെ മുതൽതന്നെ മസ്ജിദിന്റെ പുറത്തെ അങ്കണത്തിൽ ഒരുമിച്ചു കൂടാൻ തുടങ്ങിയിരുന്നു. 10.15 ന് ഹുദൂർ അയ്യദഹുല്ലാഹ് താമസസ്ഥലത്തുനിന്ന് പുറത്തുവന്നു. പരിപാടിയനുസരിച്ച് ഓസ്നാബ്രോക് ജമാഅത്തിന്റെ മജ്‌ലിസെ ആമില അംഗങ്ങൾക്ക് ഹുദൂറുമായി ഫോട്ടോ എടുക്കാനുള്ള സൗഭാഗ്യം ലഭിച്ചു. ഓസ്നാബ്രോക് മജ്‌ലിസ് അത്വ്ഫാലുൽ അഹ്മദിയ്യ ഈ വർഷം "**അലമെഇനാമി**" (നല്ല പ്രവർത്തനത്തിന് സമ്മാനമായി നല്കുന്ന പതാക) കരസ്ഥമാക്കിയിരുന്നു. അവർ തങ്ങളുടെ പതാക പിടിച്ചുകൊണ്ട് തങ്ങളുടെ പ്രിയപ്പെട്ട ഹുദൂറുമൊത്ത് ഫോട്ടോ എടുക്കുന്നതിനുള്ള സൗഭാഗ്യം കരസ്ഥമാക്കി. ഇതിന്നിടയിൽ ചെറിയ കുട്ടികൾ ഒരു വരിയിൽ നിന്നു കഴിഞ്ഞിരുന്നു. ഹുദൂർ വളരെ വാത്സല്യത്തോടെ ആ കുട്ടികൾക്ക് ചോക്ലേറ്റു നല്കി. അതിനുശേഷം ഹുദൂർ സ്ത്രീകളുടെ ഭാഗത്ത് പോയി. കുട്ടികൾക്ക് ചോക്ലേറ്റു നല്കി. സ്ത്രീകൾ ഹുദൂറിനെ ദർശിക്കുകയും സായൂജ്യമടയുകയും ചെയ്തു.

10.30 ന് ഹുദൂർ ദുആ ചെയ്യിച്ചു. യാത്രാസംഘം ബ്രസ്സിൽസിലേക്ക്(**Brussels**)(ബെൽജിയം) പുറപ്പെട്ടു. ജർമനിയിലെ ഒരു വാഹനം യാത്രാവാഹനത്തിന് **Escort** കൊടുക്കുന്നുണ്ടായിരുന്നു. ഖുദ്ദാമിന്റെ മറ്റു വാഹനങ്ങൾ യാത്രാ സംഘത്തിന്റെ പിന്നാലെയായിരുന്നു.**Osnabruck** ൽ നിന്ന് ബെൽജിയമിലേക്കുള്ള ദൂരം 389 കിലോമീറ്ററാണ്. ജർമനയിൽ 94 കിലോമീറ്റർ താണ്ടിയതിനുശേഷം ബോർഡർ കടന്ന് ഹോളണ്ടിൽ പ്രവേശിച്ചു. കൂടുതൽ 100 കിലോമീറ്റർ താണ്ടിയതിനുശേഷം 2.20 ന് അഹ്മദിയ്യ മിഷൻ ഹൗസ് ബയ്ത്തുസ്സലാമിൽ(ബ്രസ്സിൽസ്)എത്തി. ബെൽജിയമിലെ വിവിധ ജമാഅത്തുകളിൽനിന്നുവന്ന പുരുഷന്മാരും സ്ത്രീകളും നാഷണൽ ആമിലാ അംഗങ്ങളും തങ്ങളുടെ പ്രിയങ്കരനായ നേതാവിനെ വലിയ ആവേശത്തോടെ വരവേറ്റു. തങ്ങളുടെ പ്രിയങ്കരനായ ഇമാമിനെ ദർശിച്ച് സന്തോഷത്താലും ആനന്ദത്താലും ഭരിതരായി. തങ്ങളുടെ ഇമാമിനെ സ്വാഗതം പറഞ്ഞുകൊണ്ടിരുന്നു.

മൊറോക്കോയുമായി ബുന്ധമുള്ള ഒരു കുട്ടി അസീസം അനീസ് ബസായീ ഹുദൂറിന്റെ സന്നിധിയിൽ പുഷ്പം സമർപ്പിച്ചു. അസീസ ആഇശാ ബുശ്റാ ഹദ്റത്ത് ബീഗം സാഹിബയുടെ സന്നിധിയിൽ പുഷ്പം സമർപ്പിച്ചു.

ഹുദൂർ അയ്യദഹുല്ലാഹ് വാഹനത്തിൽനിന്ന് പുറത്തിറങ്ങിയുടനെ ബെൽജിയം അമീർ ഡോക്ടർ ഇദ്‌രീസ് അഹ്മദ് സാഹിബ്, ബെൽജിയം മുബല്ലിഗ് ഇൻചാർജ് ഹാഫിള് ഇഹ്സാൻ സെക്കൻദർ സാഹിബ് , ബെൽജിയം ജമാഅത്ത് ജനറൽ സെക്രട്ടറി അസദ് മുജീബ് സാഹിബ്, ഖുദ്ദാമുൽ അഹ്മദിയ്യ സ്വദ്ർ തൗസ്വീഫ് അഹ്മദ് സാഹിബ് തുടങ്ങിയവർ ഹുദൂറിനെ സ്വാഗതം ചെയ്ത് വരവേറ്റു. പിന്നീട് ഹുദൂർ മിഷൻ ഹൗസിലെ താമസ സ്ഥലത്തേക്ക് പോയി.

ഹുദൂർ അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസ് 2.45 ന് ആഗതരായി ളുഹ്ർ -അസ്വ്ർ നമസ്കാരങ്ങൾ ജംആക്കി നമസ്കരിപ്പിച്ചു. നമസ്കാരം നിർവഹിച്ചതിനുശേഷം ഹുദൂർ അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസ് താമസസ്ഥലത്തേക്ക് മടങ്ങി. പരിപാടിയനുസരിച്ച് 4.10 ന് ഹുദൂർ താമസസ്ഥലത്തുനിന്ന് പുറത്തു വന്നു.

ജർമനി അഹ്മദിയ്യ ജമാഅത്ത് അമീർ അബ്ദുല്ലാഹ് വാഗസ് ഹൗസർ സാഹിബ്, മുബല്ലിഗ് ഇൻചാർജ് ജർമനി സ്വദാഖത്ത് അഹ്മദ് സാഹിബ്, ജനറൽ സെക്രട്ടറി ഇൽയാസ് മജൂക്കെ സാഹിബ്, ഡോക്ടർ അത്വ്ഹർ സുബയ്ർ സാഹിബ്, അബ്ദുല്ലാഹ് സപ്റാ സാഹിബ്, സ്വദ്ർ സാഹിബ് ഖുദ്ദാമുൽ അഹ്മദിയ്യ തന്റെ സെക്യരിറ്റി ഖുദ്ദാം ടീനോടൊപ്പവും ഹുദൂർ അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസിൽനിന്ന് ഹസ്തദാനത്തിന്റെ ഭാഗ്യം കരസ്ഥമാക്കി. ജർമനിയിൽനിന്ന് വന്ന ഖുദ്ദാമിന്റെ സെക്യൂരിറ്റി ടീം തങ്ങളുടെ പ്രിയപ്പെട്ട ഇമാമിനോടൊപ്പം ഗ്രൂപ്പു ഫോട്ടോ എടുക്കുന്നതിനുള്ള സൗഭാഗ്യവും കരസ്ഥമാക്കി.

അതിനുശേഷം ഹുദൂർ അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസ് സ്ത്രീകളുടെ ഭാഗത്ത് പോയി. അവിടെ സ്ത്രീകൾ ഹുദൂറിനെ കണ്ട് സായൂജ്യരായി. 4.20 ന് ഹുദൂർ അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസ് കൂട്ടപ്രാർഥനയ്ക്ക് നേതൃത്വം നല്കി. അതിനുശേഷം പരിപാടിയനുസരിച്ച് ഇവിടെ നിന്ന് ഫ്രാൻസിലെ തുറമുഖത്തേക്ക് പുറപ്പെട്ടു. 6.30 ന് ചാനൽ ടണലി(ഇവമിലഹ ഠൗിലഹ)ലെത്തി. ജർമനിയിൽനിന്ന് കൂടെ വന്നിരുന്ന സഹോദരങ്ങളും ഖുദ്ദാമിന്റെ സെക്യൂരിറ്റിടീമും ഹുദൂർ അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസിനോടൊപ്പം ചാനൽ ടണൽവരെ വിടുന്നതിനും യാത്ര പറയുന്നതിനും യാത്രാസംഘത്തോടൊപ്പമുണ്ടായിരുന്നു. ഇപ്രകാരംതന്നെ ബെൽജിയമിൽനിന്ന് അമീർസാഹിബ് ബെൽജിയമും മുബല്ലിഗ് സിൽസിലയും ജനറൽ സെക്രട്ടറിയുമായ അസദ് മുജീബ് സാഹിബും, ബെൽജിയം ഇൻചാർജ് മുബല്ലിഗ് ഹാഫിള് ഇഹ്സാൻ സെക്കൻദർ സാഹിബും, നാഷണൽ സെക്രട്ടറി ജാഇദാദ് രാജാ അബ്ദുല്ലത്വീഫ് സാഹിബും ബെൽജിയം മുൻ അമീർ ജമാഅത്ത് ഹാമിദ് മഹ്മൂദ് ശാഹ് സാഹിബും ഒരു അറബി നവഅഹ്മദി ഇദ്‌രീസ് ഗർബോസ് സാഹിബും സ്വദ്ർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ തൗസ്വീഫ് അഹ്മദ് സാഹിബും ഹുദൂർ അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസിനെ ഇവിടെ നിന്ന് ലണ്ടനിലേക്ക് യാത്ര അയക്കുന്നതിന് യാത്രാസംഘത്തോടൊപ്പം വന്നിരുന്നു.

പാസ്പോർട്ട്, എമിഗ്രേഷൻ, മറ്റു കടലാസുകളുടെ ക്ലിയറിംഗിനു ശേഷം 7.15 ന് യാത്രാ സംഘത്തിലെ വാഹനങ്ങൾ ട്രൈനിൽ ലോഡു ചെയ്തു. ഈ ട്രൈൻ 7.20 ന് ഇമഹമശൽ നിന്ന് ബ്രിട്ടന്റെ കടൽത്തീര നഗരമായ ഡോവറിലേക്ക് പുറപ്പെട്ടു. ഏകദേശം 35 മിനുറ്റ് യാത്രയ്ക്കുശേഷം ട്രൈൻ

ശേഷം പേജ് 12 ൽ

ഹാഫിദ് മുസഫ്ഫർ അഹ്മദ്, ശാഹിദ്

# ഹദ്റത്ത് അബൂഉബയ്ദഃ(റ)

ഭാഗം 2

**ഉഹുദു യുദ്ധത്തിൽ അർപണം**

ബദ്ർ യുദ്ധത്തിനുശേഷം മുസ്‌ലിമീങ്ങൾക്ക് ഉഹുദുയുദ്ധത്തെ അഭിമുഖീകരിക്കേണ്ടതായി വന്നു. ഉഹുദു മലയും ഹദ്റത്ത് അബൂഉബയ്ദഃ(റ)യുടെ വീര്യത്തിനും വിശ്വസ്തതയ്ക്കും സാക്ഷിയായി. ഉഹുദിൽ നബി(സ)തിരുമേനിയുടെ സാന്നിധ്യത്തിൽ ഹദ്റത്ത് അബൂഉബയ്ദഃ(റ) പ്രവാചകത്വമെന്ന അമാനത്തിന്റെ സംരക്ഷണപ്രശ്നം വന്നപ്പോൾ ഉറച്ചുനിന്നുവെന്നുമാത്രമല്ല തികഞ്ഞ പൗരുഷത്തിന്റേയും ആത്മസമർപണത്തിന്റേയും മാതൃക കാണിക്കുകയും ചെയ്തു. ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)ന്റെ വിവരണം ഇങ്ങനെ:

ഉഹുദു യുദ്ധാവസരത്തിൽ കല്ലേറുകൊണ്ട് ഇരുമ്പുതൊപ്പിയുടെ രണ്ടുകൊളുത്തുകൾ നബി(സ)തിരുമേനിയുടെ കവിളുകളിൽ തുളച്ചുകയറി. നബി(സ) തിരുമേനിയെ സഹായിക്കാൻ ഞാൻ അങ്ങോട്ട് കുതിച്ചു. അപ്പോൾ ഒരാൾ എന്റെനേരെ ഓടി വരുന്നതു ഞാൻ കണ്ടു. അപകടകരമായ ആ നേരത്ത് ആ വ്യക്തി എന്റെ സഹായത്തിനു കാരണമായിത്തീരേണമേ എന്നു ഞാൻ പ്രാർഥിച്ചു. മുന്നോട്ടു ചെന്നു നോക്കിയപ്പോൾ അത് അബൂഉബയ്ദഃ(റ) ആയിരുന്നു. അദ്ദേഹം എനിക്കുമുമ്പേ അവിടെ എത്തിക്കഴിഞ്ഞിരുന്നു. സ്ഥിതിഗതികൾ മനസ്സിലാക്കിയതിനുശേഷം അല്ലാഹുവിനെ മുൻനിറുത്തി ആത്മാർപണ വികാരത്തോടെ അദ്ദേഹം എന്നോടു പറഞ്ഞു: 'തറച്ചുകയറിയ കൊളുത്തുകൾ അല്ലാഹുവിന്റെ റസൂലിന്റെ കവിളുകളിൽനിന്ന് ഊരിയെടുക്കാൻ എന്നെ അനുവദിക്കുക.' പിന്നീട് അദ്ദേഹം ഒരു കൊളുത്ത് കടിച്ചുപിടിക്കുകയും ശക്തിയായി വലിച്ചൂരുകയും ചെയ്തു. വലിയുടെ ശക്തികൊണ്ട് ഹദ്റത്ത് അബുഉബയ്ദ(റ)നടുവടിച്ചു വീഴുകയും അദ്ദേഹത്തിന്റെ മുൻപല്ലിൽ ഒരെണ്ണം പറിഞ്ഞുപോരുകയും ചെയ്തു. പിന്നീട് രണ്ടാമത്തെ കവിളിൽനിന്ന് അതേപോലെ കൊളുത്ത് വലിച്ചൂരി. അപ്പോൾ അദ്ദേഹത്തിന്റെ രണ്ടാമത്തെ പല്ലും പറിയുകയും നടുവടിച്ച് വീഴുകയും ചെയ്തു. എങ്കിലും കഠിനമായ വേദനയിൽനിന്ന് നബി(സ)തിരുമേനിയെ രക്ഷിക്കാൻ അദ്ദേഹത്തിനു സാധിച്ചു. നബി(സ)തിരുമേനിയെ രക്ഷിക്കുന്നതിൽ അദ്ദേഹം ഒരു കുറവും വരുത്തിയില്ല. ഹദ്റത്ത് അബൂഉബയ്ദഃ(റ)യുടെ മുൻനിരപ്പല്ലുകളിൽ രണ്ടെണ്ണം നഷ്ടമായത് അദ്ദേഹത്തിന്റെ മുഖത്തെ കൂടുതൽ സൗന്ദര്യമുള്ളതാക്കി തീർത്തുവെന്ന് ആളുകൾ പറഞ്ഞിരുന്നു. മുൻനിരയിലെ രണ്ടു പല്ലുകൾ പൊട്ടിയ ആരും അബൂഉബയ്ദഃയുടെ അത്ര സുമുഖനായി കാണാറില്ലെന്ന് ജനങ്ങൾ പറയാറുണ്ടായിരുന്നു.

ഉഹുദിനുശേഷം നടന്ന ഖൻദഖ്, ബനൂഖുറയ്ള, ഖയ്ബർ, ഫത്ഹ മക്ക, ഹുനയ്ൻ, ത്വായിഫ് തുടങ്ങിയ യുദ്ധങ്ങളിലും ഹദ്റത്ത് അബൂഉബയ്ദഃ(റ) ധീരപോരാളി എന്ന നിലയിൽ മുൻപന്തിയിലായിരുന്നു.

സൈന്യാധിപൻ എന്ന നിലയിലും ഹദ്റത്ത് അബൂഉബയ്ദഃ(റ) തന്റെ വിശ്വസ്തതയോടുള്ള കടമ നല്ലവണ്ണം നിർവഹിച്ചു. ഹിജറ 6-ാം വർഷം അദ്ദേഹം ഥഅ്‌ലബത്ത്, അൻമാർ തുടങ്ങിയ ഗോത്രങ്ങൾക്കെതിരെ നടപടി സ്വീകരിക്കാൻ നിയമിക്കപ്പെട്ടു. അതിൽ വിജയം നേടിയാണ് അദ്ദേഹം തിരിച്ചെത്തിയത്.

**ദാത്തുസ്സലാസിലിന്റെ നേതൃത്വവും പരസ്പര സഹായവും**

ഹിജ്റ 7-ാം വർഷത്തിൽ ഖയ്ബർ യുദ്ധശേഷം നബി(സ)തിരുമേനി സിറിയയുടെ കിഴക്കുള്ള ദാത്തുസ്സലാസിലിനെതിരെ നടപടി കൈക്കൊള്ളളൻ ഹദ്റത്ത് അംറ് ബിൻ ആസ്വിന്റെ നേതൃത്വത്തിൽ ഒരു സൈന്യത്തെ അയച്ചു. വലിയ വലിയ സ്വഹാബാക്കളെ അപേക്ഷിച്ച് ഗ്രാമീണരായ അറബികളും ബദുക്കളുമായിരുന്നു സൈന്യത്തിൽ അധികവുമുണ്ടായിരുന്നത്. അവിടെ എത്തിയപ്പോഴാണ് ശത്രുസൈന്യം വളരെ കൂടുതലാണെന്ന് അറിയുന്നത്. അതുകൊണ്ട് ഹദ്റത്ത് അംറ് ബിൻ ആസ്വ്(റ)പോഷകസൈന്യത്തെ ആവശ്യപ്പെട്ടു. നബി(സ)തിരുമേനി ഹദ്റത്ത് അബൂഉബയ്ദഃയുടെ നേതൃത്വത്തിൽ ഹദ്റത്ത് അബൂബക്ർ, ഹദ്റത്ത് ഉമർ തുടങ്ങിയ ആദ്യകാല മുഹാജിറുകൾ ഉൾപ്പെടെയുള്ള ഒരു സൈന്യം അയച്ചുകൊടുത്തു. നബി(സ)തിരുമേനി ദൈവദത്തമായ ഉൾക്കാഴ്ചയോടെ ഹദ്റത്ത് അബൂഉബയ്ദഃ(റ)യെ യാത്രയയച്ചപ്പോൾ, അംറ് ബിൻ ആസ്വിന്റെ അടുക്കലെത്തിയാൽ രണ്ടുഅമീർമാരും സഹകരിച്ച് പ്രവർത്തിക്കണമെന്ന് ഉപദേശിക്കുകയുണ്ടായി. എന്നാൽ, അവിടെ എത്തിയപ്പോൾത്തന്നെ സഹായിക്കുന്നതിനുവേണ്ടിയാണ് സൈന്യത്തെ അയച്ചിട്ടുള്ളതെന്നും അതുകൊണ്ട് പോഷക സൈന്യം തന്റെ കീഴിലാണെന്നും ധരിച്ച് ഹദ്റത്ത് അംറ് ബിൻ ആസ്വ്(റ), ഹദ്റത്ത് അബൂഉബയ്ദഃയുടെ സൈന്യത്തിനു നിർദേശങ്ങൾ നല്കി ജോലി എടുപ്പിക്കാൻ തുടങ്ങി. രണ്ടു അമീർമാരും തങ്ങളുടെ പ്രവർത്തന വൃത്തത്തിൽ സ്വതന്ത്രരാണെന്നും പരസ്പരം കൂടിയാലോചിച്ചും സഹകരിച്ചും പ്രവർത്തിക്കാനാണ് കല്പനയെന്നും പുണ്യാത്മാക്കളായ മുഹാജിർ സ്വഹാബാക്കൾ പറഞ്ഞിട്ടും ഹദ്റത്ത് അംറ് ബിൻ ആസ്വ്(റ)തന്റെ നേതൃത്വത്തിൽ ശാഠ്യംപിടിച്ചുനിന്നു. ഈ വിഷമ ഘട്ടത്തിൽ അമാനത്തുകളുടെ അംബാസിഡറായ ഹദ്റത്ത് അബൂഉബയ്ദഃ(റ) യുടെ നിലപാട് എത്രമാത്രം പരിശുദ്ധവും ഭക്തിമയവുമായിരുന്നു. ഹദ്റത്ത് അംറ് ബിൻ ആസ്വ്(റ) നോടു അദ്ദേഹം പറഞ്ഞു: 'എന്നെ അല്ലാഹുവിന്റെ ദൂതർ(സ) സ്വതന്ത്രനായ ഒരു അമീർ എന്ന നിലയിലാണ് അയച്ചിട്ടുള്ളത്. അതിനോടൊപ്പം പരസ്പരം സഹകരിച്ച് പ്രവർത്തിക്കാനും നിർദേശിക്കുകയുണ്ടായി. അതിനാൽ താങ്കൾ ഞാൻ പറയുന്നത് കേട്ടാലും കേട്ടില്ലെങ്കിലും വേണ്ടില്ല, എന്നിൽനിന്ന് താങ്കൾക്ക് എപ്പോഴും സഹകരണമുണ്ടാകും. താങ്കൾ പറയുന്ന ഓരോ കാര്യവും സ്വീകരിക്കുന്നതാണ്.' ഹദ്റത്ത് അബൂഉബയ്ദഃ(റ) നേതൃത്വത്തിന്റെ അമാനത്തിന്റെ കടമ എത്രമാത്രം പ്രൗഢിയോടെയാണ് നിർവേറ്റിയത്. നന്മയിലും ത്യാഗത്തിലും സഹകരണത്തിന്റെ എത്രമാത്രം മഹത്തായ മാതൃകയാണ് കാഴ്ചവച്ചത്.

ഹിജ്റ 8-ാം വർഷം ഖുറയ്ശികളുടെ ചില കച്ചവടസംഘങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനുവേണ്ടി നബി(സ)അദ്ദേഹത്തെ രഹസ്യമായി വളരെ പ്രധാനപ്പെട്ട ഒരു ചുമതല ഏല്പിച്ചു. ഇതിൽ 300 സ്വഹാബാക്കൾ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ സമുദ്രതീരത്തേക്ക് അയക്കപ്പെട്ടു.

ആ കാലഘട്ടം വളരെ ഞെരുക്കമുള്ളതായിരുന്നു. സാധാരണ വഴക്കമനുസരിച്ച് ഓരോ പട്ടാളക്കാരനും കൈയിൽ കരുതിയിരുന്ന കാരക്ക തുടങ്ങിയവയും തീരാൻ തുടങ്ങി. പട്ടിണിയുടെ ആ ദിനങ്ങളിൽ അൻസ്വാരി സർദാർ ഖയ്സ് ബിൻ സഅ്ദ്(റ) ധർമത്തിന്റേയും ദാനത്തിന്റേയും അപാരമായ ദൃശ്യമാണ് കാഴ്ചവച്ചത്. അദ്ദേഹം സൈന്യത്തിൽപ്പെട്ട ചിലയാളുകളുടെ, മദീനക്ക് തിരിച്ചുപോകാൻ നിറുത്തിയിരുന്ന ഒട്ടകങ്ങളെ കടംവാങ്ങി അറുത്ത് കൂടെയുള്ളവരെ ഊട്ടാൻ തുടങ്ങി. 'യാത്രാവാഹനങ്ങൾ തീർന്നു കഴിഞ്ഞാൽ പിന്നീട് യാത്ര എങ്ങനെ തുടരും' എന്ന് കുറച്ചു ദിവസത്തിനുശേഷം, ഹദ്റത്ത് ഉമർ(റ) ചോദിച്ചു. അങ്ങനെ ഹദ്റത്ത് അബൂഉബയ്ദഃ(റ) കൂടുതൽ ഒട്ടകങ്ങളെ അറുക്കുന്നത് തടഞ്ഞുകൊണ്ട് അനുയോജ്യമായ ഒരു തീരുമാനമെടുത്തു. മറുവശത്ത് പട്ടിണികിടക്കുന്ന സൈന്യത്തിനു ഭക്ഷണം കൊടുക്കേണ്ട ചുമതലയും അദ്ദേഹത്തിന്നായിരുന്നു. അദ്ദേഹം എല്ലാ പട്ടാളക്കാരിൽനിന്നും അവരുടെ കൈയിൽ ബാക്കിയുണ്ടായിരുന്ന ഭക്ഷണസാധനങ്ങൾ ശേഖരിച്ച് രണ്ടു ചാക്കുകളിൽ നിറച്ചു. അത് റേഷനായി പട്ടാളക്കാർക്കിടയിൽ വിതരണം ചെയ്യാൻ ഏർപാടു ചെയ്തു. അങ്ങനെ ഓരോ പട്ടാളക്കാരനും ജീവിക്കാൻ അല്പസ്വല്പ ഭക്ഷണം ലഭിച്ചു. ഒരാൾക്ക് നിത്യവും ഒരു കാരക്കമാത്രം കിട്ടിയ ദിവസങ്ങളും ഉണ്ടായിട്ടുണ്ടെന്ന് സ്വഹാബാക്കൾ പറഞ്ഞിട്ടുണ്ട്. അവരോടു ചോദിച്ചപ്പോൾ, ശേഖരിച്ച് വീതിച്ചു വന്നതും തീർന്നപ്പോഴാണ് ആ ഒരു കാരക്കയുടെ വില തങ്ങൾക്കു മനസ്സിലായതെന്നാണ് അവർ പറഞ്ഞത്. തങ്ങൾക്ക് മരത്തിന്റെ ഇല തിന്നും ജീവിക്കേണ്ടി വന്നിട്ടുണ്ട്. ആടുകളുടെ വിസർജ്യം പോലെയായിരുന്നു ഞങ്ങളുടേതും.

'**ഉമ്മത്തിന്റെ വിശ്വസ്തൻ**' അബൂഉബയ്ദഃയുടെ ആ നീതിപൂർവമായ വിതരണവും പ്രാർഥനയും അല്ലാഹുവിന്റെ കാരുണ്യത്തെ ആവേശം കൊള്ളിച്ചിട്ടുണ്ടാകുമെന്നാണ് മനസ്സിലാകുന്നത്. അല്ലാഹു തന്നെ ആ പട്ടിണികിടക്കുന്നവരുടെ ഭക്ഷണത്തി

നുള്ള ഏർപാടു ചെയ്തു. ഒരു വലിയ മത്സ്യത്തെ ദൈവവഴിയിൽ വിശപ്പു സഹിക്കുന്നവർക്കായി കടൽത്തീരത്ത് കൊണ്ടിടാൻ അല്ലാഹു കല്പിച്ചു. അങ്ങനെ ആ മത്സ്യത്തിന്റെ മാംസവും എണ്ണയും തുടർച്ചയായി പല ദിവസം ഉപയോഗിച്ച കാരണത്താൽ സ്വഹാബാക്കളുടെ ആരോഗ്യം മെച്ചപ്പെട്ടു. 300 ആളുകൾക്ക് നിരവധി ദിവസംവരെ ഭക്ഷണമായിത്തീർന്ന ആ മത്സ്യത്തെ സംബന്ധിച്ച് സ്വാഭാവികമായും അതിന്റെ വണ്ണം എന്തായിരിക്കുമെന്ന കാര്യത്തിൽ സംശയമുണ്ടാകാം. അബൂഉബയ്ദഃയെ പോലെത്തെ ബുദ്ധിമാനായ നേതാവ് ആ ദൈവികാടയാളത്തെ സുരക്ഷിതമാക്കി വെക്കുന്നതിനുള്ള ഏർപാടും ചെയ്തു. അദ്ദേഹം കടൽത്തീരം വിടുന്നതിനുമുമ്പേ മത്സ്യത്തിന്റെ അസ്ഥികൂടത്തിൽനിന്ന് രണ്ടു വാരിയെല്ലെടുത്ത് മണ്ണിൽ നാട്ടിനിറുത്തി. അതിന്റെ വലുപ്പം അളക്കുന്നതിനുവേണ്ടി അതിന്റെ അടിയിലൂടെ ഒരു ഒട്ടകയാത്രക്കാരനെ കടത്തിവിട്ടു. അയാൾ ഒരു പ്രയാസവും കൂടാതെ അതിന്നടിയിലൂടെ കടന്നുപോയി.

ഈ യാത്രയിൽ ഹദ്റത്ത് അബൂഉബയ്ദഃയുടെ നേതൃപാടവം തെളിഞ്ഞ് മുന്നിൽ വന്നു. പ്രാവർത്തിക ജീവിതത്തിൽ അമാനത്തുകളോടുള്ള കടമ നിറവേറ്റുന്നതിൽ ഈ ഏർപാട് അബൂഉബയ്ദഃക്ക് കുടുതൽ സേവനത്തിനുള്ള അവസരങ്ങൾ ഒരുക്കുന്നതിനു കാരണമായി. അതിനുശേഷം നബി(സ)തിരുമേനി ഹദ്റത്ത് അബൂഉബയ്ദഃക്ക് സുപ്രധാനമായ പല സാമ്പത്തിക ഉത്തരവാദിത്വങ്ങളും ഏല്പിച്ചു കൊടുക്കുകയുണ്ടായി.

**ബഹ്റയ്നിലെ സമ്പത്തുകൾ**:

ഇറാനിലെ കിസ്റാ ഭരണകൂടത്തിന് നികുതി കൊടുത്തുകൊണ്ടിരുന്ന ബഹ്റയ്ൻ ഭരണകൂടവുമായി ഹിജ്റ 8-ാം വർഷം മുസ്‌ലിമീങ്ങൾ സന്ധിചെയ്തു. ഹദ്റത്ത് അലാഅ്[റ] ബിൻ ഹള്റമീ അവിടെ അമീറായി നിയമിക്കപ്പെട്ടു. ഹദ്റത്ത് അബൂഉബയ്ദഃ(റ) ഭൂനികുതിയുടെ അമാനത്തുകൾ ശേഖരിച്ച് ഇസ്‌ലാമിക കേന്ദ്രമായ മദീനയിൽ കൊണ്ടുവരാനും നിയമിതനായി. അദ്ദേഹത്തിന്റെ സത്യസന്ധതയിലും വിശ്വസ്തതയിലും അല്ലാഹു എത്രമാത്രം അനുഗ്രഹം ചൊരിഞ്ഞുവെന്നാൽ, ബഹ്റയ്നിൽനിന്ന് കുന്നുകണക്കിന് സമ്പത്തുമായിട്ടാണ് അദ്ദേഹം മദീനയിൽ വന്നത്. ഇതറിഞ്ഞപ്പോൾ പിറ്റേ ദിവസത്തെ സ്വുബ്ഹി നമസ്കാരത്തിന് ധാരാളം അൻസ്വാർ മസ്ജിദിലെത്തി. നമസ്കാരത്തിനുശേഷം നബി(സ)തിരുമേനി സ്വഹാബാക്കളെ അഭിസംബോധന ചെയ്തു: 'അബൂഉബയ്ദഃ വന്ന വിവരം നിങ്ങൾ അറിഞ്ഞിട്ടുണ്ടെന്ന് തോന്നുന്നു. നിങ്ങളുടെ ഉദ്ദേശ്യങ്ങൾ പൂർത്തീകരിക്കപ്പെടുമെന്ന സന്തോഷവാർത്ത അറിയിക്കുകയാണ്. എന്നാൽ, ഓർത്തുകൊള്ളുക! നിങ്ങൾ ദാരിദ്ര്യത്തിലും പട്ടിണിയിലുമാകുമെന്ന് ഞാൻ ഭയപ്പെടുന്നില്ല. പ്രത്യുത മുൻകഴിഞ്ഞ ജനതകൾക്ക് വിശാലമാക്കപ്പെട്ടതുപോലെ നിങ്ങൾക്കു ദുൻയാവ് വിശാലമാക്കപ്പെടും. പക്ഷേ, അതിന്റെ ഫലമായി അവസാനം അവർ നശിക്കുകയാണുണ്ടായത്. അവരുടെ അവസ്ഥ നിങ്ങൾക്കെങ്ങാനും വരുമോ എന്നാണ് എനിക്കുള്ള ആശങ്ക.' *(ബുഖാരി)*

**സമുദായത്തിന്റെ വിശ്വസ്തൻ നജ്റാനിൽ**:

ബഹ്റയ്നിലെ സമ്പത്തുകളോടുള്ള കടമ നിറവേറ്റിയശേഷം ഹദ്റത്ത് അബൂഉബയ്ദഃ[റ]യെ നജ്റാനിലെ സാമ്പത്തിക കാര്യങ്ങളുടെ അമീനാക്കി. ഹിജ്റ 9-ാം വർഷം നജ്റാനിലെ ഉന്നതാധികാരികളുടെ സംഘം(അവരിൽ സർക്കാർ പ്രതിനിധികളും മതപ്രതിനിധികളുമുണ്ടായിരുന്നു)മദീനയിൽ വന്നു. നജ്റാൻകാരുമായിട്ട് താഴെ കാണുന്ന നിബന്ധനകളോടെ സന്ധി ചെയ്തു:

1. രണ്ടായിരം പുതപ്പുകൾ അവർ വർഷന്തോറും കൊടുത്തുകൊണ്ടിരിക്കും. ഓരോ പുതപ്പിന്റേയും വില ഒരു അഉഖിയഃ ആയിരിക്കും. അഉഖിയഃയുടെ തൂക്കം 40 ദിർഹമായിരിക്കും.

2. ഒരു അഉഖിയായെക്കാൾ കൂടുതൽ വിലയുള്ള പുതപ്പാണെങ്കിൽ എണ്ണത്തിൽ കുറവു വരുത്തിയും കുറഞ്ഞ വിലയുടേതാണെങ്കിൽ പുതപ്പുകളുടെ എണ്ണം വർധിപ്പിച്ചും അതു പരിഹരിക്കേണ്ടതാണ്.

3. പുതപ്പുകളുടെ മൂല്യത്തിനു സമാനമായി ആയുധങ്ങൾ, കുതിരകൾ, അല്ലെങ്കിൽ മറ്റു സാധനസാമഗ്രികൾ എന്തെങ്കിലും നല്കാനാഗ്രഹിച്ചാൽ അതും സ്വീകരിക്കുന്നതായിരിക്കും.

ഈ നിബന്ധനകൾ പാലിച്ച് പ്രവർത്തിക്കാനും വിശ്വസ്തനായ ഒരു വ്യക്തിയുടെ ആവശ്യമുണ്ടായിരുന്നു. അത് നജ്റാൻകാർ ഉന്നയിക്കുകയും ചെയ്തു. അതായത് ഈ ഉടമ്പടി നടപ്പിൽ വരുത്താൻ തങ്ങളോടൊപ്പം വിശ്വസ്തനായ ഒരു വ്യക്തിയെ അയക്കാൻ അവർ പറഞ്ഞു. അതനുസരിച്ച് നബി[സ]തിരുമേനി 'സമുദായത്തിന്റെ വിശ്വസ്തൻ' എന്ന ബഹുമതി നല്കി ഹദ്റത്ത് അബൂഉബയ്ദഃ[റ]യെ ആ സംഘത്തോടൊപ്പം നജ്റാനിലേക്കയച്ചു. ഹദ്റത്ത് അബൂഉബയ്ദഃ[റ]യ്ക്ക് ഇവിടേയും അമാനത്തുകളോടുള്ള കടമ നല്ലവണ്ണം നിർവഹിക്കാൻ സൗഭാഗ്യം സിദ്ധിച്ചു.

**ആദ്യത്തെ ഖിലാഫത്ത് തിരഞ്ഞെടുപ്പ്**:

ഹിജ്റ 10-ാം വർഷം ഹദ്റത്ത് അബൂഉബയ്ദഃ[റ] ഹജ്ജത്തുൽവിദായുടെ അവസരത്തിലും നബി[സ] തിരുമേനിയുടെ സഹയാത്രികനായിരുന്നു. തുടർന്ന് നബി[സ]തിരുമേനി ഇഹലോകവാസം വെടിഞ്ഞു. നബി[സ]തിരുമേനിയുടെ വിയോഗം മുസ്‌ലിമീങ്ങളുടെ ജീവിതത്തിൽ കൊടുങ്കാറ്റു വിതച്ചു. സ്വന്തം യജമാനരുടെ വേദനാജനകമായ വേർപാടിന്റെ ആഘാതത്താൽ സ്വഹാബാക്കൾ അസ്വസ്ഥരും അനിയന്ത്രിതരും ദുഃഖഭാരം സഹിക്കവയ്യാതെ സ്വബോധം നഷ്ടപ്പെട്ടവരുമായിത്തീർന്നിരുന്നു. ബനുസാഇദ സൗധത്തിൽ അൻസ്വാറിന്റെ ഒരു നേതാവ് നബി[സ]തിരുമേനിയോടുള്ള സ്നേഹത്തിന്റെ അടിസ്ഥാനത്തിൽ അൻസ്വാറിൽനിന്നായിരിക്കണം അമീർ നിശ്ചയിക്കപ്പെടേണ്ടതെന്ന ആവശ്യം ഉന്നയിച്ചു. തദവസരത്തിൽ '**ഖിലാഫത്ത്**' എന്ന അമാനത്ത് ആരെ ഏല്പിക്കണമെന്ന ചർച്ച നടക്കുന്നുണ്ടായിരുന്നു. ഹദ്റത്ത് അബൂബക്ർ[റ], ഹദ്റത്ത് ഉമർ[റ], ഹദ്റത്ത് അബൂഉബയ്ദഃ[റ] എന്നിവർ അൻസ്വാറിന്റെ കാര്യങ്ങൾ ധരിപ്പിച്ചു. ഓരോരുത്തരും അങ്ങേയറ്റം വിനയത്തോടും തികഞ്ഞ വണക്കത്തോടും തങ്ങളുടെ ആദരണീയനായ മുഹാജിർ സഹോദരന്റെ പേരു പറഞ്ഞ് സത്യസന്ധതയോടെ തങ്ങളുടെ ബയ്അത്ത് (അനുസരണ പ്രതിജ്ഞ)സമർപ്പിച്ചു. ഹദ്റത്ത് അബൂബക്ർ[റ] പറഞ്ഞു, 'നോക്കൂ! നിങ്ങളിൽ ഉമർ ഉണ്ട്. അദ്ദേഹത്തെക്കൊണ്ടു അല്ലാഹു ദീനിനെ ആദരണീയമാക്കിയതാണ്. നിങ്ങളിൽ അബൂഉബയ്ദഃയുമുണ്ട്. അദ്ദേഹത്തിന് 'അമീനുൽഉമ്മത്' (സമുദായത്തിന്റെ വിശ്വസ്തൻ) എന്ന ബഹുമതി നല്കപ്പെട്ടിരിക്കുന്നു. ഇവരിൽ നിങ്ങൾ ഇഷ്ടപ്പെടുന്നവരുടെ കൈയിൽ ബയ്അത്ത് ചെയ്ത് സംഘടിക്കുക.'

ഹദ്റത്ത് ഉമർ[റ] തന്റെ ഒഴികഴിവ് പറഞ്ഞ് മറ്റു രണ്ടു മഹാത്മാക്കളുടെ പേര് സ്മരിക്കുകയും ഹദ്റത്ത് അബൂബക്ർ[റ]ന്റെ സ്വാഭാവികമായ പശ്ചാത്തലം മനസ്സിലാക്കി ഹദ്റത്ത് അബൂഉബയ്ദഃയോട് 'അബൂഉബയ്ദഃ, താങ്കൾ ഈ സമുദായത്തിന്റെ വിശ്വസ്തനാണെന്ന് നബി[സ]തിരുമേനി പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്.' അതുകൊണ്ട് ബയ്അത്തു വാങ്ങാൻ കൈനീട്ടു' എന്നുവരെ പറയുകയും ചെയ്തു. അതുകേട്ടപ്പോൾ ഹദ്റത്ത് അബൂഉബയ്ദഃ[റ] തന്റെ അഭിപ്രായാവകാശത്തിന്റെ അമാനത്ത് ഇങ്ങനെ പറഞ്ഞുകൊണ്ടു നിർവേറ്റി: 'നബി[സ]തിരുമേനി തന്റെ അവസാന രോഗാവസ്ഥയിൽ ഇമാമാക്കുകയും ആ മഹാത്മാവിന്റെ മരണംവരെ നമുക്ക് ഇമാമത്തു വഹിക്കുകയും ചെയ്ത വ്യക്തിയെക്കാൾ മുൻഗണന എനിക്കുചിതമല്ലു.'

അതിനുശേഷം അൻസ്വാർ സ്വഹാബിമാർക്ക് മനോഹരമായ നിലയിൽ കാര്യങ്ങൾ മനസ്സിലാക്കിക്കൊടുത്തുകൊണ്ടു പറഞ്ഞു: 'അല്ലയോ അൻസ്വാർ! നിങ്ങളാണ് അല്ലാഹുവിന്റെ ദൂതരെ ഒന്നാമതായി സഹായിച്ചവർ. ഇന്ന് അതിനെ മാറ്റുന്നതിൽ മുമ്പന്മാരാകാതിരിക്കുക.'

അങ്ങനെ ഒന്നാമത്തെ ഖിലാഫത്ത് തിരഞ്ഞെടുപ്പിന്റെ സുപ്രധാനവും നിർണായകവുമായ ഘട്ടത്തിലും 'അമീനുൽഉമ്മത്ത്' ഹദ്റത്ത് അബൂഉബ

ത്വാലിബെ ദുആ



SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)

• അല്ലാഹുവിന്റെ കലാം: •

**"എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല."**
*(വിശുദ്ധ ഖുർആൻ 51:57)*

ത്വാലിബെ ദുആ: K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

യ്ദഃ(റ) തന്റെ ബഹുമതി നല്ലവണ്ണം കാക്കുകയും അമാനത്തിന്റെ കടമ നിറവേറ്റിക്കാണിക്കുകയും ചെയ്തു.

ഹദ്റത്ത് അബൂഉബയ്ദഃ(റ) തന്റെ കർമപരമായ ജീവിതത്തിൽ സമ്പൂർണ വിശ്വസ്തനായിരുന്നു എന്ന് ഹദ്റത്ത് ഉമർ(റ)ന് ഉത്തമ വിശ്വാസമുണ്ടായിരുന്നു. അതദ്ദേഹം മരണത്തിനുമുമ്പേ തന്റെ ഹൃദയാഭിലാഷമെന്ന നിലയിൽ ഇങ്ങനെയാണ് വിവരിച്ചത്: 'ഇന്ന് അബൂഉബയ്ദഃ ജീവിച്ചിരുന്നെങ്കിൽ എനിക്കുശേഷം ഞാൻ അദ്ദേഹത്തെ ഖലീഫയായി നിശ്ചയിക്കുമായിരുന്നു. അതിനെക്കുറിച്ച് ആരോടെങ്കിലും അഭിപ്രായം ചോദിക്കേണ്ട ആവശ്യമുണ്ടാകുമായിരുന്നില്ല. അതിനെക്കുറിച്ച് ചോദിക്കപ്പെട്ടാൽ ഞാൻ മറുപടി പറയും, 'അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും വിശ്വസ്തനായ വ്യക്തിയെ എന്റെ പ്രതിനിധിയായി നിശ്ചയിച്ചിട്ടാണ് ഞാൻ വന്നിരിക്കുന്നത് എന്ന്.'(21)

### പ്രൗഢോജ്ജ്വലമായ വിജയങ്ങളും കീഴടക്കിയവരോടുള്ള പെരുമാറ്റവും:

ഒന്നാമത്തെ ഖലീഫ ഹദ്റത്ത് അബൂബക്കറും(റ) തന്റെ ഖിലാഫത്ത് കാലത്ത് ഹദ്റത്ത് അബൂഉബയ്ദഃ(റ)യിൽ പൂർണവിശ്വാസം അർപ്പിച്ച് ശാം (സിറിയ) ദേശത്തിന്റെ നാലു ഭാഗങ്ങളിലും വിന്യസിച്ചിരുന്ന എല്ലാ സൈന്യത്തിന്റേയും നേതൃത്വം അദ്ദേഹത്തെ ഏല്പിച്ചിരുന്നു. നാലു സൈന്യങ്ങളുടേയും അമീർ അദ്ദേഹത്തിന്റെ കീഴിലായിരുന്നു. ഐക്യമുന്നണി സൈന്യം ബസ്റയും അജ്നാദീനും കീഴടക്കിയ ശേഷം ദിമശ്ഖ് (ദമസ്കസ്)ഉപരോധിച്ചിരുന്ന ഘട്ടത്തിലായിരുന്നു ഹദ്റത്ത് അബൂബക്ർ(റ) വഫാത്തായത്.

ഹദ്റത്ത് ഉമർ(റ)ന്റെ ഖിലാഫത്ത് ആരംഭിക്കുന്നതുവരെ ഈ ഉപരോധം തുടർന്നു. ഒരു ദിവസം ഹദ്റത്ത് ഖാലിദ് ബിൻ വലീദ്(റ) സമർഥമായ നിലയിൽ പദ്ധതി ആവിഷ്ക്കരിച്ച് പട്ടണത്തിന്റെ ഒരു ഭാഗത്തുനിന്ന് ചുറ്റുമതിൽ ചാടി അകത്തുകടക്കുകയും ആ ഭാഗത്തുള്ള കവാടം തുറക്കുകയും അദ്ദേഹത്തിന്റെ പട്ടാളം ഉള്ളിൽ പ്രവേശിക്കുകയും ചെയ്തു. പട്ടണത്തിന്റെ രണ്ടാമത്തെ ഭാഗത്ത് ഹദ്റത്ത് അബൂഉബയ്ദഃ(റ) വാതിൽപൊളിച്ച് അകത്തു കടക്കുന്നതിൽ വിജയിച്ചു. ഹദ്റത്ത് അബൂഉബയ്ദഃ(റ) നഗരം കീഴടക്കുന്നതു കണ്ടപ്പോൾ എതിരാളികൾ ഹദ്റത്ത് ഖാലിദിന് കിഴക്കുഭാഗത്തെ കവാടം തുറന്നു കൊടുക്കുകയും അദ്ദേഹവുമായി രേഖാമൂലം സന്ധി ഉണ്ടാക്കുകയും ചെയ്തു. യഥാർഥത്തിൽ അതവരുടെ വ്യക്തമായ ചതിയായിരുന്നു. കാരണം ഒന്നാമതായിപ്പറഞ്ഞാൽ, ഹദ്റത്ത് ഖാലിദ് അമീർ ആയിരുന്നില്ല. രണ്ടാമത്തേത് ഒരു ഭാഗത്തുനിന്ന് നഗരം കീഴടങ്ങാൻ പോകുന്ന അവസ്ഥയിൽ അതറിയാതെയാണ് മുഴുവൻ നഗരത്തിനുവേണ്ടി അദ്ദേഹം സന്ധി ചെയ്തത്. എന്തായാലും ചതിപ്രയോഗത്തിലൂടെ ചെയ്ത ഈ സന്ധിയ്ക്ക് ഒരു പ്രാബല്യവുമുണ്ടായിരുന്നില്ല. എന്നാൽ, ഹദ്റത്ത് ഖാലിദ്(റ) ക്രിസ്ത്യാനികൾക്കു നല്കിയ അഭയം പിൻവലിക്കുന്നത് ഹദ്റത്ത് അബൂഉബയ്ദഃ(റ)ഇഷ്ടപ്പെട്ടില്ല. അദ്ദേഹം മുസ്‌ലിമീങ്ങളോടു പറഞ്ഞു: 'ഖാലിദ് സൈന്യത്തിന്റെ അമീർ അല്ല എന്നതു ശരിതന്നെ. എങ്കിലും, ഏതെങ്കിലും മുസ്‌ലിമിൽ നിന്നുണ്ടായിട്ടുള്ള അഭയ വാഗ്ദാനം എല്ലാ മുസ്‌ലിമീങ്ങളുടേയും വാഗ്ദാനമായി കണക്കാക്കപ്പെടുമെന്ന് നബി(സ)തിരുമേനി നിർദേശിച്ചിട്ടുണ്ട്.'

അങ്ങനെ ഡമാസ്കസിന്റെ പകുതിഭാഗം ജയിച്ചടക്കിയിട്ടും നഗരവാസികളെ തടവുകാരാക്കിയില്ല. യുദ്ധമുതൽ പിടിച്ചെടുത്തതുമില്ല. എന്നല്ല, സന്ധിനിർദേശങ്ങൾ പാലിച്ചുകൊണ്ടു നഗരവാസികൾക്ക് പൂർണമായും അഭയം നല്കി. ഖാലിദ് വിജയകരമായ നിലയിൽ ബയ്ത്തുൽ മുഖദ്ദസിൽ പ്രവേശിച്ചുവെന്നും അബൂഉബയ്ദയാണ് സന്ധി ചെയ്തത് എന്നുമുള്ള പരാമർശം ഒരു നിവേദനത്തിൽ വന്നിട്ടുള്ളത് ശരിയല്ല.

ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് ഖാലിദിനു പകരം ഹദ്റത്ത് അബൂഉബയ്ദഃ(റ)യെ സൈന്യത്തിന്റെ അമീറായി നിശ്ചയിച്ചപ്പോൾ അനുസരണത്തിന്റെ ഉദാത്തമായ മാതൃക കാണിച്ചുകൊണ്ട് ഹദ്റത്ത് ഖാലിദ്(റ) ഇങ്ങനെ വിളംബരം ചെയ്തു: 'മുസ്‌ലിമീങ്ങളേ! ഈ സമുദായത്തിന്റെ വിശ്വസ്തനാണ് നിങ്ങൾക്കു അമീറായി നിയമിക്കപ്പെട്ടിരിക്കുന്നത്.' ഇതു കേട്ടപ്പോൾ ഹദ്റത്ത് അബൂഉബയ്ദഃ(റ)പറഞ്ഞു: 'ഖാലിദ് അല്ലാഹുവിന്റെ വാളുകളിൽ ഒരു വാളാണെന്ന് നബി(സ)തിരുമേനി പറഞ്ഞത് ഞാൻ കേട്ടിട്ടുണ്ട്.'

### ആദർശവാദിയായ നേതാവ്:

ഫഹ്ൽയുദ്ധസ്ഥലത്ത് ഹദ്റത്ത് അബൂ ഉബയ്ദഃ(റ)യുടെ സന്നിധിയിൽ റോമൻ അംബാസഡർ വന്നു. ഇസ്‌ലാമിക ജേർണലിന്റെ ലാളിത്യംകണ്ട് റോമൻ അംബാസഡർക്ക് അദ്ദേഹത്തെ തിരിച്ചറിയാൻ കഴിഞ്ഞില്ല. പിന്നീടു കൂടിക്കാഴ്ച നടത്തിയപ്പോൾ അദ്ദേഹത്തിന്റെ ലാളിത്യത്തിലും പ്രഭാവത്തിലും സ്വാധീനശക്തിയിലും ആകർഷിതനായി. ഈ സന്ദർഭത്തിൽ ആ അംബാസഡർ, 'നിങ്ങൾ ഇവിടെനിന്ന് മടങ്ങിപ്പോയാൽ നിങ്ങളുടെ ഓരോ സൈനികനും ഈരണ്ട് അശ്റഫി താൻ നല്കുന്നതാണ്' എന്ന നിർദേശം മുന്നോട്ടുവച്ചു. ഹദ്റത്ത് അബൂഉബയ്ദഃ(റ)യെപ്പോലുള്ള ധൈര്യവാനും വിശ്വസ്തനുമായ വ്യക്തിയ്ക്ക് ആദർശങ്ങൾ വിറ്റുള്ള കച്ചവടം നടത്താൻ എങ്ങനെയാണ് കഴിയുക? തൊട്ടടുത്ത ദിവസം യുദ്ധമൈതാനിയിൽ ഇരുസൈന്യങ്ങളും തമ്മിൽ പൊരിഞ്ഞ പോരാട്ടം നടന്നു. ഹദ്റത്ത് അബൂഉബയ്ദഃ(റ) സൈന്യത്തിന്റെ ഹൃദയമിടിപ്പായിനിന്ന് അതീവ ബുദ്ധികൂർമതയോടും ധൈര്യത്തോടും മുസ്‌ലീംകളെ നയിച്ചുകൊണ്ടു വമ്പിച്ച റോമാസൈന്യത്തെ കീഴടക്കി.

ഹുമസ്വ് വിജയത്തിനുശേഷം ലാദ്ഖിയഃയുടെ കോട്ടകെട്ടിയ പട്ടണവും ഹദ്റത്ത് അബൂഉബയ്ദഃ(റ) സമർഥമായി കീഴടക്കി. എങ്ങനെയെന്നാൽ, രഹസ്യമായി ചില കിടങ്ങുകൾ കുഴിപ്പിച്ച് തന്റെ സൈന്യത്തിന്റെ ഒരുഭാഗം അവിടെ വിട്ടു. പുറപ്പെട്ടുപോകാൻ ബാക്കി സൈന്യത്തിന് നിർദേശം കൊടുത്തു. സൈന്യം താവളം വിട്ടു കഴിഞ്ഞിരിക്കുന്നുവെന്ന് ധരിച്ച ഉപരോധക്കാർ പട്ടണത്തിന്റെ അഭയകവാടം തുറന്നു. ഹദ്റത്ത് അബൂഉബയ്ദഃ(റ) യുടെ സൈന്യം കിടങ്ങുകളിൽനിന്ന് പുറത്തുചാടി പട്ടണത്തിൽ പ്രവേശിച്ചു.

### ഇസ്‌ലാമിക നീതിയുടെ ഗംഭീര മാതൃക:

തുടർച്ചയായുള്ള ഈ പരാജയങ്ങൾക്കുശേഷം റോമൻ രാജാവ് രാജ്യമൊട്ടുക്കുമുള്ള സൈന്യങ്ങളെ **യർമൂക്ക്** എന്ന സ്ഥലത്ത് ഒരുമിച്ചുകൂട്ടി. ഹദ്റത്ത് അബൂഉബയ്ദഃ(റ) അവരെ നേരിടാൻ ജേർണൽമാരുമായി കൂടിയാലോചന നടത്തി. അതിൽ പിടിച്ചടക്കിയ പ്രദേശത്തുള്ള സകല സൈന്യങ്ങളേയും സംഘടിപ്പിച്ച് പോരാടാൻ തീരുമാനമായി. എന്നാൽ, ആ പരിതഃസ്ഥിതിയിൽ മുസ്‌ലിം സ്ത്രീകളേയും കുട്ടികളേയും ക്രൈസ്തവ വാസികളുടെ ദയാവായ്പിൽ വിടുക എന്നത് അപകടമുക്തമായിരുന്നില്ല. മറുഭാഗത്ത് പിടിച്ചടക്കിയ പ്രദേശങ്ങളിലെ ജനങ്ങളിൽനിന്ന് സംരക്ഷണ വാഗ്ദാനം നല്കി കപ്പവും നികുതിയും വാങ്ങുകയും ചെയ്തിരുന്നു. ആ ദുർഘടസന്ധിയിൽ സമുദായത്തിന്റെ വിശ്വസ്തൻ ഹദ്റത്ത് അബൂഉബയ്ദഃ(റ)യുടെ ഐതിഹാസികമായ തീരുമാനം, അദ്ദേഹത്തിന്റെ അമാനത്തു നിർവഹണത്തിന്റെ പ്രൗഢി നല്ലവണ്ണം പ്രകടമാക്കുന്നുണ്ട്. അദ്ദേഹം പറഞ്ഞു: 'കീഴടക്കിയ പ്രദേശങ്ങളിൽനിന്നുള്ള സൈന്യങ്ങൾ ഡമാസ്കസിൽ സംഘടിക്കുക. ഈ നേരത്ത് ഞങ്ങൾക്കു നിങ്ങളുടെ സംരക്ഷണച്ചുമതല ഏറ്റെടുക്കാൻ നിർവാഹമില്ല, അതുകൊണ്ടു നിങ്ങളുടെ സൂക്ഷിപ്പു മുതലുകൾ മടക്കി വാങ്ങിക്കൊള്ളുക' എന്നു പറഞ്ഞ് അവിടുത്തെ നിവാസികളിൽനിന്ന് പിരിച്ചെടുത്ത കപ്പവും നികുതിയും അവർക്കു തിരിച്ചുകൊടുക്കുക.'

അങ്ങനെ ഹുമസ്വിലെ ക്രിസ്ത്യാനികൾക്കും പിടിച്ചടക്കിയ മറ്റു പ്രദേശങ്ങളിലെ ആളുകൾക്കും ലക്ഷക്കണക്കിന് തുക മടക്കി നല്കി. ഈ അതുല്യമായ നീതിയും ന്യായവും അമാനത്തു തിരിച്ചുകൊടുക്കലും അവരെ വല്ലാതെ സ്വാധീനിച്ചു. അവർ പറഞ്ഞു, 'നിങ്ങളുടെ നീതിപൂർണ്ണമായ ഭരണം മുമ്പേ നിലനിന്നുവന്ന അക്രമപരമായ ഭരണത്തെക്കാൾ ഞങ്ങൾക്കു ഉത്തമമാണ്.' മുസ്‌ലിമീങ്ങൾ അവിടെനിന്ന് പുറപ്പെടാൻ ഒരുങ്ങുമ്പോൾ തദ്ദേശവാസികളായ ക്രിസ്ത്യാനികൾ കരഞ്ഞുകൊണ്ടാണ് അവരെ യാത്രയാക്കിയത്. ഹൃദയാവേശത്താൽ അവർ പ്രാർഥിച്ചു, 'അല്ലാഹു നിങ്ങളെ വീണ്ടും തിരിച്ചുകൊണ്ടുവരുമാറാകട്ടെ.' യഹൂദികൾ പറഞ്ഞതിങ്ങനെയാണ്, 'തൗറാത്താണ! നിങ്ങൾ ജീവിച്ചിരിക്കുന്നിടത്തോളം ഖയ്സ്വറിന് ഹുമസ്വിനെ കീഴടക്കാൻ സാധ്യമല്ല.' അങ്ങനെ അവർ നഗരത്തിന്റെ അഭയകവാടങ്ങൾ അടച്ചു. ഓരോയിടത്തും കാവൽക്കാരെ നിറുത്തി. (തുടരും)

പേജ് 1 ൽ നിന്ന്

യുള്ളൂ. നോക്കുക, നബി(സ)തിരുമേനിയുടേയും അവിടത്തെ സ്വഹാബത്തിന്റേയും കൈയിൽ ലോകത്തിന്റെ ഭാരണാധികാരം വന്നപ്പോൾ അവരെങ്ങനെയാണ് അതിൽമുഴുകി അതിൽനിന്ന് വിട്ടുനില്ക്കാൻ മാതൃക കാണിക്കുകയും എത്തരത്തിലുള്ള ഗംഭീമായ മാതൃക സ്ഥാപിക്കുകയുമാണ് ചെയ്തത്. അതിന് ഇപ്പോൾ 1300 വർഷം കഴിഞ്ഞു കടന്നിട്ടും അത് ബുദ്ധിമാന്മാരുടെ മനസ്സുകളിൽ രോമാഞ്ചമുണ്ടാക്കുന്നു. *(തഫ്സീറെ കബീർ വാല്യം 4 പേജ് 236, പ്രസാധനം ഖാദിയാൻ 2010)*

mta INTERNATIONAL
WATCH LIVE
for children's classes, friday semons and more

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-7 Thursday 08 September 2022 Issue-36

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

പേജ് 5 ൽ നിന്ന്

മുണ്ടാകുകയില്ലന്ന് ഞാൻ പ്രതീക്ഷിക്കുന്നു. കഴിഞ്ഞ വർഷം മഴ കാരണം ഒരുപാട് പ്രയാസങ്ങളുണ്ടായി. പൊതുവിൽ ഈ വർഷം ട്രാക്കുകളും മറ്റും നല്ല രീതിയിൽ സംവിധാനം ചെയ്തിട്ടുണ്ട്. കൂടാതെ സ്ഥായിയായ നിലക്ക് വെള്ളം പുറത്തേക്ക് കളയുന്നതിന് അതിൽ നിപുണരായ ആളുകളുടെ സഹായത്താൽ വിപുലമായ ജോലിയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ മാസങ്ങളിൽ മഴ ഉണ്ടായപ്പോൾ വെള്ളം പുറം തള്ളുന്നതിന് ഉണ്ടാക്കിയ മാർഗ്ഗങ്ങൾ കാണുമ്പോൾ മനസ്സിലാക്കാൻ കഴിയുന്നത് ഇൻശാ അല്ലാഹ് മേലിലും ഇത് വളരെ പ്രയോജനപ്രദമാകുമെന്നാണ്. ഏതായാലും ഈ വർഷം ഈ ദിവസങ്ങളിൽ വരണ്ട കാലാവസ്ഥ യായിരിക്കും എന്നതാണ് പ്രവചനം. എങ്കിലും കാർ പാർക്കിങ്ങിൽ ചിലപ്പോൾ കൂടുതൽ കാറുകൾ വരുന്നതുകാരണം സംഘാടകർക്കും ചില പ്രശ്നങ്ങൾ അഭിമുഖികരിക്കേണ്ടി വന്നേക്കാം. എന്നാൽ, കാറുകളിൽ വരുന്നവരുടെ സഹകരണത്തോടുകൂടി ഈ കാര്യങ്ങളെല്ലാം എളുപ്പത്തിൽ നിയന്ത്രിക്കാവുന്നതേയുള്ളു. അതുകൊണ്ട് കാറുകളിൽ വരുന്നവർ ക്ഷമയോടെ ട്രാഫിക് സംവിധാനവുമായി സഹകരിക്കേണ്ടതാണ്. അങ്ങനെയായാൽ ഒരു പ്രയാസവും ഉണ്ടാകുന്നതല്ല.

അതുപോലെതന്നെ എല്ലാ വർഷവും ഞാൻ പറയാറുള്ളതാണ്. ടോയ്ലറ്റ് ഉപയോഗിക്കുന്നവരും കുളിമുറി ഉപയോഗിക്കുന്നവരും വൃത്തിയുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മഴ കുറഞ്ഞത് കാരണം വെള്ളം കുറച്ച് ഉപയോഗിക്കുന്നതിന് സർക്കാരും പ്രത്യേകം ശ്രദ്ധ ക്ഷണിച്ചിട്ടുണ്ട്. വെള്ളം കരുതലോടെ ഉപയോഗിക്കുക. അതുപോലെ തന്നെ ഉണങ്ങിയ പുല്ലുകളിൽ വളരെ എളുപ്പത്തിൽ തീ പിടിക്കാൻ സാധ്യതയുണ്ട്. ഇത് സംബന്ധിച്ചും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഏത് തരത്തിലുള്ള അനാസ്ഥയും പ്രയാസമുണ്ടാക്കുന്നതാണ്. അത് നമുക്കും അയൽപക്കക്കാർക്കും നഷ്ടത്തിന് ഇടവരുത്തുകയും ചെയ്യും. സംരക്ഷണത്തിന്റെ കാര്യത്തിലും എല്ലാവരും കരുതലോടെ ഇരിക്കേണ്ടതാണ്. ചുറ്റുപാടും നല്ലപോലെ ശ്രദ്ധിക്കുക. സംശയാസ്പദമായ രീതിയിൽ ബാഗോ മറ്റു സാധനങ്ങളോ കാണുകയാണെങ്കിൽ ഉടൻതന്നെ സംഘാടകരെ അറിയിക്കുക. സംഘാടകരും സ്കാൻ ചെയ്യുന്നവരും ചെക്ക് ചെയ്യുമ്പോൾ മാസ്ക് മാറ്റി ഓരോരുത്തരുടെയും മുഖം നോക്കേണ്ടതാണ്. അത് കാർഡിന് അനുസൃതമാണോ എന്ന് ശ്രദ്ധിക്കുക.

അല്ലാഹു എല്ലാ പ്രയാസങ്ങളിൽ നിന്നും എല്ലാവരെയും സംരക്ഷിക്കുമാറാകട്ടെ. തന്റെ പ്രത്യേകമായ അനുഗ്രഹങ്ങൾ വർഷിക്കുമാറാകട്ടെ.

ഞാൻ വീണ്ടും പറയുകയാണ് ഈ ദിവസങ്ങളിൽ ദൈവസ്മരണയിലേക്കും ഇബാദത്തുകളിലേക്കും പ്രത്യേകമായി ശ്രദ്ധിക്കുക. ജമാഅത്തിന്റെ പുരോഗതിക്കും ശത്രുക്കളിൽനിന്ന് കാവലുണ്ടാകുന്നതിനും ഒരുപാട് ദുആ ചെയ്യുക. കൽത്തുറങ്കുകളിൽ പ്രയാസം അനുഭവിക്കുന്ന തടവുകാർക്ക് വേണ്ടിയും ദുആ ചെയ്യുക. അല്ലാഹു എത്രയും വേഗം അവരുടെ വിടുതലിനുള്ള സംവിധാനം ഉണ്ടാക്കുമാറാകട്ടെ. ജുമുഅയുടെ നമസ്കാരത്തിലും ജുമുഅക്ക് ശേഷമുള്ള മറ്റ് ദിവസങ്ങളിലും പ്രത്യേകം ദുആ ചെയ്തുകൊണ്ടിരിക്കുക.

അവസാനമായി ഹദ്റത്ത് മസീഹ് മൗഊദ്(അ) ജൽസ സംബന്ധമായി പറഞ്ഞിട്ടുള്ള പ്രാർഥന വചനങ്ങൾ കേൾപ്പിക്കാം. അദ്ദേഹം പറയുന്നു: 'ഈ ദൈവിക സമ്മേളനത്തിൽ പങ്കെടുക്കാൻ യാത്ര ചെയ്യുന്ന ഓരോ വ്യക്തിയോടൊപ്പവും അല്ലാഹു ഉണ്ടാകുമാറാകട്ടെ. അവർക്ക് മഹത്തായ പ്രതിഫലം നൽകുമാറാകട്ടെ. അവർക്കുമേൽ കരുണ ചൊരിയുമാറാകട്ടെ. അവരുടെ പ്രയാസങ്ങളുടെയും അസ്വസ്ഥതകളുടെയും അവസ്ഥകൾ അവർക്ക് എളുപ്പമാക്കി കൊടുക്കുമാറാകട്ടെ. അവരുടെ ദുഖങ്ങൾ അകറ്റുമാറാകട്ടെ. എല്ലാ പ്രയാസങ്ങളിൽനിന്നും അവരെ മോചിപ്പിക്കുമാറാകട്ടെ. അവരുടെ ആഗ്രഹങ്ങളുടെ വഴികൾ അവർക്ക് തുറന്നു കൊടുക്കുമാറാകട്ടെ. അന്ത്യനാളിൽ അവരെ തന്റെ അനുഗ്രഹത്തിനും കാരുണ്യത്തിനും അർഹരായവരുടെ കൂടെ ഉയർത്തെഴുന്നേൽപിക്കുമാറാകട്ടെ. ഈ യാത്രക്കുശേഷം അല്ലാഹു അവരുടെ പകരക്കാരനാകുമാറാകട്ടെ. അല്ലാഹുവേ! പരിശുദ്ധനും അനുഗ്രഹ ദായകനും കാരുണ്യവാനും പ്രയാസങ്ങൾ ദൂരീകരിക്കുന്നവനുമായ നാഥാ! ഈ പ്രാർഥനകളെല്ലാം സ്വീകരിക്കേണമേ. ഞങ്ങൾക്കു ഞങ്ങളുടെ എതിരാളികൾക്കുമേൽ പ്രകാശമാനമായ അടയാളങ്ങളോടു കൂടി വിജയം നൽകേണമേ. എല്ലാ കഴിവുകളും ശക്തികളും നിനക്ക് മാത്രമാണ് ഉള്ളത്.'

അല്ലാഹു ജൽസയിൽ പങ്കെടുക്കുന്ന എല്ലാ സ്ത്രീ പുരുഷന്മാരെയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രാർഥനകൾക്ക് അവകാശികളാക്കുമാറാകട്ടെ. ചില യാളുകൾ വിദേശ രാജ്യങ്ങളിൽ നിന്നു ജൽസയിൽ പങ്കെടുക്കണമെന്ന ആഗ്രഹത്തോടുകൂടി ഇവിടെ എത്തിയെങ്കിലും രോഗികളാകുകയോ അതല്ലെങ്കിൽ പങ്കെടുക്കണമെന്ന ആഗ്രഹം ഉണ്ടായിട്ടുകൂടി പങ്കെടുക്കാൻ കഴിയാത്തവരാവുകയോ ചെയ്തിട്ടുണ്ട്. അല്ലാഹു അവർക്കും അവരുടെ നിയ്യത്തുകൾക്കനുസൃതമായി പ്രതിഫലം നൽകുകയും അവരെയും ഈ ദുആകളുടെ അവകാശികളാക്കുകയും ചെയ്യുമാറാകട്ടെ.

പേജ് 8 ൽ നിന്ന്

ചാനൽ ടണൽ ക്രോസ് ചെയ്ത് ഡോവറിനടുത്ത് ബ്രിട്ടന്റെ മണ്ണിൽ പ്രവേശിച്ചു. അതിന്റെ പ്രത്യേകമായ സ്റ്റേഷനിൽ നിന്നു. ഏകദേശം 5 മിനിറ്റിന് ശേഷം ഫ്രാൻസിന്റെ സമയമനുസരിച്ച് 8 മണിക്ക്, ലണ്ടൻ സമയം 7 മണിക്ക് യാത്രാ സംഘത്തിന്റെ വാഹനങ്ങൾ ട്രൈനിൽനിന്ന് വെളിയിൽ വന്നു. മോട്ടർ വേയിലൂടെ യാത്ര തുടങ്ങുകയും ചെയ്തു. (ബ്രിട്ടൺ സമയം ഫ്രാൻസിന്റെ സമയത്തെക്കാൾ ഒരുമണക്കൂർ പിന്നിലാണ്)

അമീർ ജമാഅത്ത് യൂ.കെ റഫീഖ് അഹ്മദ് ഹയാത്ത് സാഹിബ്, മുബല്ലിഗ് ഇൻചാർജ് യു.കെ അത്വാഉൽ മുജീബ് റാശിദ് സാഹിബ്, പ്രിൻസിപ്പാൾ ജാമിയ അഹ് മദിയ്യ യു.കെ.മിർസാ നാസിർ ഇനാം സാഹിബ്, അഡീഷണൽ വക്കീലുൽമാൽ ലണ്ടൻ മിബാറക് അഹ് മദ് ള്വഫർ സാഹിബ്, ദഫ്ത്തർ വക്കാലത്ത് തബ്ശീർ ലണ്ടൻ അഖ്ലാഖ് അഹ് മദ് അഞ്ചും സാഹിബ്, സ്വദർ ഖുദ്ദാമുൽ അഹ് മദിയ്യ യു.കെ . അബുദുൽ ഖുദ്ദൂസ് ആരിഫ് സാഹിബ്, ശുഅ്ബയെ ഹിഫാള്വത്തെ ഖാസ് നസ്വീറുദ്ദീൻ ഹുമയൂൺ സാഹിബ് തന്റെ സെക്യൂരിറ്റി ടീമിനോടൊപ്പം ഹുദൂർ അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസിനെ വരവേൽക്കാൻ ഉണ്ടായിരുന്നു.

ഏകദേശം 1 മണിക്കൂർ 40 മിനിറ്റ് യാത്രയ്ക്കു ശേഷം ഇസ്‌ലാമാബാദിലെത്തി. അവിടെ ജമാഅത്തിലെ പുരുഷന്മാരും സ്ത്രീകളും അടങ്ങുന്ന വലിയൊരു സംഘം ഹുദൂറിനെ അഹ്‌ലൻ വ്വസഹ്‌ലൻ വ്വ മർഹബാ പറഞ്ഞ് സ്വാഗതം ചെയ്തു. ഹുദൂർ അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസ് താമസിക്കുന്ന പുറം ഭാഗം തോരണങ്ങളാൽ അലങ്കരിച്ചിരുന്നു.

ഹുദൂർ അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസ് വാഹനത്തിൽനിന്നിറങ്ങിയ ഉടനെ അമീർ ജമാഅത്ത് യൂ.കെ റഫീഖ് അഹ്മദ് ഹയാത്ത് സാഹിബ്, മുബല്ലിഗ് ഇൻചാർജ് യു.കെ അത്വാഉൽ മുജീബ് റാശിദ് സാഹിബും ഹുദൂർ അൻവറിൽനിന്ന് ഹസ്തദാനം സ്വീകരിച്ചു. ഹുദൂർ അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസ് വാത്സല്യ പൂർവം കൈയുയർത്തി ഉറക്കെ അസ്സലാമു അലയ്ക്കും പറഞ്ഞു.

(തുടരും)

**നൂറുൽ ഇസ്‌ലാം വകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണി മുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച്
താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin